പതിമൂന്നാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2011-2014)

## രണ്ടാമത് റിപ്പോർട്ട്

(2014 ജനുവരി 27-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി

# (2011-2014)

രണ്ടാമത് റിപ്പോർട്ട്

(2014 ജനുവരി 27-ാം തീയതി സമർപ്പിച്ചത്)

53/2014.

# ഉള്ളടക്കം

പേജ്


സമിതിയുടെ ഘടന .. v

ആമുഖം .. vii

റിപ്പോർട്ട് .. 1

അനുബന്ധം 1 .. 5

അനുബന്ധം 2 .. 7

അനുബന്ധം 3 .. 8

അനുബന്ധം 4 .. 10

അനുബന്ധം 5 .. 17

അനുബന്ധം 6 .. 18

അനുബന്ധം 7 .. 23

അനുബന്ധം 8 .. 24

അനുബന്ധം 9 .. 25

അനുബന്ധം 10 .. 26

അനുബന്ധം 11 .. 28

അനുബന്ധം 12 .. 30

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി
# (2011-2014)

## സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. കെ. മുരളീധരൻ

അംഗങ്ങൾ :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. സി. മമ്മൂട്ടി

,, മാത്യു റ്റി. തോമസ്

,, മോൻസ് ജോസഫ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, സാജു പോൾ

,, ജി. സുധാകരൻ

,, തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. സി. ജോസഫ്കുട്ടി, അഡീഷണൽ സെക്രട്ടറി

,, തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാറിനെതിരെയുള്ള അവകാശലംഘന പ്രശ്നങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു. ബഹു. പ്രതിപക്ഷ നേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ 23-11-2011-ൽ ചേർന്ന യോഗത്തിൽ തെളിവ് നൽകിയശേഷം മുൻ ഐ.ടി. സെക്രട്ടറിയും നിലവിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയുമായ ശ്രീ. കെ. സുരേഷ്കുമാർ അന്നേദിവസം മാധ്യമപ്രവർത്തകരോട് സമിതിയിൽ നൽകിയ തെളിവ് സംബന്ധിച്ച് സംസാരിക്കുകയും ആയത് ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുകയും തൊട്ടടുത്തദിവസം പ്രധാന പത്രങ്ങളിൽ അച്ചടിച്ചു വരികയും ചെയ്തത് അവകാശലംഘനമാണെന്ന് കാണിച്ച് പ്രത്യേക നിയമസഭാ സമിതിയുടെ ചെയർമാൻ ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. 16-12-2011-ൽ ബഹു. സ്പീക്കർക്ക് നൽകിയ നോട്ടീസ് 23-12-2011-ലും പ്രസ്തുത വിഷയത്തിന്മേൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരം ശ്രീ. കെ. സുരേഷ്കുമാർ നൽകിയ വിശദീകരണത്തിലെ പരാമർശങ്ങൾ മറ്റൊരു അവകാശലംഘനമായി പരിഗണിച്ച് 5-10-2012-ലും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് ബഹു. സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി അയയ്ക്കുകയുണ്ടായി.

സമിതി 2012 മാർച്ച് 5, മേയ് 30, ആഗസ്റ്റ് 23, നവംബർ 14, ഡിസംബർ 5 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ മേൽ വിഷയങ്ങൾ വിശദമായി പരിശോധിക്കുകയും 2012 ആഗസ്റ്റ് 8, 2013 ഏപ്രിൽ 15 എന്നീ തീയതികളിലെ യോഗങ്ങളിൽ ശ്രീ. കെ. സുരേഷ്കുമാറിനെ സമിതി മുമ്പാകെ വിളിച്ചുവരുത്തി വിശദീകരണമാരായുകയും ചെയ്യുകയുണ്ടായി. സമിതി യോഗങ്ങളിലെ ചർച്ചയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും നടത്തിയ തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനവും സമിതി ശുപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതി യോഗ നടപടിക്കുറിപ്പുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

2013 ഒക്ടോബർ 3-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. മുരളീധരൻ,

*ചെയർമാൻ,*
*പ്രിവിലേജസ്, എഥിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 27.

## റിപ്പോർട്ട്

ബഹു. പ്രതിപക്ഷനേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ 23-11-2011-ൽ ചേർന്ന യോഗത്തിൽ തെളിവ് നൽകിയ ശേഷം മുൻ ഐ.ടി. സെക്രട്ടറിയും നിലവിൽ ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയുമായ ശ്രീ. കെ. സുരേഷ്കുമാർ അന്നേദിവസം മാധ്യമപ്രവർത്തകരോട് സമിതിയിൽ നൽകിയ തെളിവ് സംബന്ധിച്ച് സംസാരിക്കുകയും ആയത് ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുകയും തൊട്ടടുത്ത ദിവസം പ്രധാന പത്രങ്ങളിൽ അച്ചടിച്ചു വരികയും ചെയ്തത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200(2) പ്രകാരം അവകാശലംഘനമാണെന്ന് കാണിച്ച് പ്രത്യേക നിയമസഭാ സമിതിയുടെ ചെയർമാൻ ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. 16-12-2011-ൽ ബഹു. സ്പീക്കർക്ക് നൽകിയ നോട്ടീസ് (അനുബന്ധം 1) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 23-12-2011-ൽ റഫർ ചെയ്യുകയുണ്ടായി (അനുബന്ധം 2).

2012 മാർച്ച് 5-ാം തീയതി ചേർന്ന പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയോഗം ഈ വിഷയം വിശദമായി പരിശോധിക്കുകയും ശ്രീ. കെ. സുരേഷ്കുമാറിൽ നിന്നും വിശദീകരണം ആരായാൻ തീരുമാനിക്കുകയും ചെയ്തു (അനുബന്ധം 3). സമിതി ആവശ്യപ്പെട്ടതനുസരിച്ച് 2012 ഏപ്രിൽ 13-ാം തീയതിയായി ശ്രീ. കെ. സുരേഷ്കുമാർ ലഭ്യമാക്കിയ മറുപടിയിൽ (അനുബന്ധം 4) 23-11-2011-ൽ പ്രത്യേക നിയമസഭാ സമിതിയിൽ താൻ നൽകിയ മൊഴിയെക്കുറിച്ചോ സമിതിയുടെ ചോദ്യങ്ങളെക്കുറിച്ചോ മാധ്യമങ്ങൾ തന്നോടു ചോദിക്കുകയോ താൻ മറുപടി പറയുകയോ ഉണ്ടായിട്ടില്ലെന്നും അതുകൊണ്ടുതന്നെ ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിൽ തനിക്കെതിരെ ഉന്നയിച്ചിരുന്ന കാര്യങ്ങൾ സഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200 (2)-ന്റെ പരിധിയിൽ വരുന്നതല്ലെന്നും അറിയിക്കുകയുണ്ടായി. കൂടാതെ പ്രത്യേക നിയമസഭാ സമിതിക്കു മുമ്പാകെ താൻ നൽകിയ രഹസ്യമൊഴികൾ വളച്ചൊടിച്ചാണ് അടുത്തദിവസം പത്രത്തിൽ വന്നതെന്നും പ്രത്യേക സമിതിക്കു മുന്നിൽ നൽകപ്പെട്ട രഹസ്യമൊഴികൾ ഈവിധം വളച്ചൊടിച്ചു മാധ്യമങ്ങളിൽ തുടർച്ചയായി വാർത്തയാകുന്നത് തടയാൻ ഒരു നടപടിയും സമിതി അദ്ധ്യക്ഷന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലായെന്നും മുൻവിധിയോടെ, തെളിവുകളെ ബോധഃപൂർവ്വം തമസ്കരിച്ചു കൊണ്ടുള്ള ഒരു റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുകവഴി സമിതി സഭയേയും പൊതുജനത്തേയും വഞ്ചിക്കുകയായിരുന്നുവെന്ന് താൻ കരുതുന്നുവെന്നും ശ്രീ. കെ. സുരേഷ്കുമാർ വിശദീകരണത്തിൽ ആരോപിക്കുകയുണ്ടായി.

പ്രസ്തുത വിശദീകരണം 2012 മേയ് 30-ാം തീയതി ചേർന്ന സമിതിയോഗം പരിശോധിക്കുകയും വിശദീകരണം തൃപ്തികരമല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ്കുമാറിനെ സമിതി മുമ്പാകെ വിളിച്ച് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു (അനുബന്ധം 5).

സമിതി ആവശ്യപ്പെട്ടതനുസരിച്ച് ശ്രീ. കെ. സുരേഷ്കുമാർ 2012 ആഗസ്റ്റ് 8-ാം തീയതി സമിതി മുമ്പാകെ നേരിട്ട് ഹാജരാവുകയും അദ്ദേഹത്തിൽ നിന്നും സമിതി തെളിവെടുക്കുകയും ചെയ്തു. ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിലോ കമ്മിറ്റിയിൽ പങ്കെടുത്തയാൾ എന്ന നിലയിലോ പ്രത്യേക നിയമസഭാ സമിതി നടത്തിയ തെളിവെടുപ്പിന്റെ ഭാഗമായി സമിതി എന്തു ചോദിച്ചുവെന്നോ സമിതി മുമ്പാകെ എന്തു മൊഴി നൽകിയെന്നോ അല്ല മാധ്യമപ്രവർത്തകർ ആരാഞ്ഞതെന്നും പകരം താൻ ഐ. ടി. സെക്രട്ടറിയായിരിക്കെ ശ്രീ. അരുൺകുമാറിന് ICT അക്കാദമി ഡയറക്ടറായി നിയമനം നൽകിയിട്ടുണ്ടോ എന്നാണ് പത്രപ്രവർത്തകർ ആരാഞ്ഞതെന്നും താൻ ഐ. ടി. സെക്രട്ടറിയായിരുന്ന സമയത്ത് അരുൺകുമാറിനേയോ മറ്റാരെയെങ്കിലുമോ ICT അക്കാദമി ഡയറക്ടറായി നിയമിച്ചിട്ടില്ല എന്ന് മറുപടി പറയുകയാണ് ചെയ്തതെന്നും ശ്രീ. കെ. സുരേഷ്കുമാർ സമിതിയെ അറിയിച്ചു. പ്രസ്തുത വിശദീകരണം വിശകലനം ചെയ്ത സമിതി 23-11-2011-ന് പ്രത്യേക നിയമസഭാ സമിതി മുമ്പാകെയുള്ള യോഗശേഷം ഇറങ്ങിവന്ന സുരേഷ്കുമാറിനോട് തെളിവെടുപ്പുമായി ബന്ധപ്പെട്ട ചോദ്യം തന്നെയാണ് മാധ്യമപ്രവർത്തകർ ചോദിച്ചതെന്നും അതിന് അദ്ദേഹം മറുപടി നൽകുകവഴി അച്ചടക്കലംഘനം നടത്തിയതായും വിലയിരുത്തി. അതോടൊപ്പം ശ്രീ. കെ. സുരേഷ്കുമാർ പ്രത്യേക നിയമസഭാ സമിതി മുമ്പാകെ തെളിവ് നൽകിയ ശേഷം മാധ്യമങ്ങളോട് സംസാരിച്ചതും, പ്രിവിലേജസും എഥിക്സും സംബന്ധിച്ച സമിതി മുമ്പാകെ പ്രത്യേക നിയമസഭാ സമിതിയുടെ വിശ്വാസ്യത ചോദ്യം ചെയ്തുകൊണ്ട് നൽകിയ മറുപടിയും രണ്ട് വിഷയമായി പരിഗണിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു (അനുബന്ധം 6).

2012 ആഗസ്റ്റ് 23-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ശ്രീ. കെ. സുരേഷ്കുമാർ സമിതി മുമ്പാകെ നൽകിയ മൊഴി പരിശോധിക്കുകയും ചട്ടം 200 (2)-ന്റെ ലംഘനം നടത്തിയിട്ടില്ല എന്ന തന്റെ നിലപാടിൽ ശ്രീ. കെ. സുരേഷ്കുമാർ ഉറച്ചു നിൽക്കുന്നതിനാൽ പ്രസ്തുത ഉദ്യോഗസ്ഥൻ മാധ്യമങ്ങളോട് പറഞ്ഞത് പൂർണ്ണമായി വിലയിരുത്തിയ ശേഷം ആവശ്യമെന്നുകണ്ടാൽ വീണ്ടും സമിതി മുമ്പാകെ വിളിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ സമിതി മുമ്പാകെ ശ്രീ. കെ. സുരേഷ്കുമാർ എഴുതി നൽകിയ വിശദീകരണത്തിലെ പ്രത്യേക നിയമസഭാ സമിതിയെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ അനുചിതമാണെന്ന് സമിതി വിലയിരുത്തുകയും അതിന്മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിനായി പ്രസ്തുത മറുപടി ബഹു. സ്പീക്കർക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു (അനുബന്ധം 7).

ശ്രീ. കെ. സുരേഷ്കുമാറിന്റെ മറുപടിയിൽ പ്രഥമദൃഷ്ട്യാ അവകാശ ലംഘനം അടങ്ങിയിട്ടുള്ളതായി കാണുന്നതിനാൽ ഇക്കാര്യം കൂടി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്കായി ബഹു. സ്പീക്കർ 2012 ഒക്ടോബർ 5-ാം തീയതി അയയ്ക്കുകയുണ്ടായി (അനുബന്ധം 8).

ബഹു. സ്പീക്കർ സമിതിക്ക് റഫർ ചെയ്ത ശ്രീ. കെ. സുരേഷ്കുമാർ നൽകിയ മറുപടി സമിതി പരിശോധിക്കുകയും പ്രസ്തുത മറുപടിയിൽ അവകാശലംഘനം അടങ്ങിയിട്ടുള്ളതിനാൽ ആയതിന്മേൽ രണ്ടാഴ്ചയ്ക്കുള്ളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ശ്രീ. കെ. സുരേഷ്കുമാറിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു

(അനുബന്ധം 9). സമിതി ആവശ്യപ്പെട്ടതനുസരിച്ച് 2012 നവംബർ 27-ാം തീയതി ശ്രീ. കെ. സുരേഷ്കുമാർ വിശദീകരണം നൽകുകയുണ്ടായി (അനുബന്ധം 10). പ്രസ്തുത വിശദീകരണത്തിൽ നിയമസഭാ സമിതിയുടെ പ്രവർത്തനത്തെയോ റിപ്പോർട്ടിനെയോ വിമർശിക്കുകയെന്ന ഉദ്ദേശത്തോടെയായിരുന്നില്ല തന്റെ 13-4-2012-ലെ വിശദീകരണമെന്നും തന്റെ വിശദീകരണത്തിൽ അത്തരമൊരു തോന്നൽ ബഹുമാനപ്പെട്ട സമിതിക്കുണ്ടായതിൽ നിർവ്യാജം ഖേദിക്കുന്നുവെന്നും വ്യക്തമാക്കിയിരുന്നു.

പ്രസ്തുത വിശദീകരണം 2012 ഡിസംബർ 5-ാം തീയതി ചേർന്ന സമിതിയോഗം പരിശോധിക്കുകയും മേൽ വിഷയങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തതയ്ക്കുവേണ്ടി ഒരിക്കൽകൂടി ശ്രീ. കെ. സുരേഷ്കുമാറിനോട് സമിതി മുമ്പാകെ ഹാജരാകുവാൻ ആവശ്യപ്പെടാമെന്നും അദ്ദേഹത്തിൽ നിന്ന് തെളിവെടുപ്പ് നടത്തിയതിനുശേഷം പ്രസ്തുത വിഷയത്തിന്മേൽ തീരുമാനമെടുക്കാമെന്നും തീരുമാനിച്ചു (അനുബന്ധം 11).

2013 ഏപ്രിൽ 15-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ശ്രീ. കെ. സുരേഷ്കുമാർ ഹാജരാവുകയും അദ്ദേഹത്തിൽനിന്നും വീണ്ടും തെളിവെടുക്കുകയും ചെയ്തു. പ്രത്യേക നിയമസഭാ സമിതിയുടെ യോഗത്തിൽ തെളിവ് നൽകിയശേഷം മാധ്യമങ്ങളെ കണ്ടനാൾമുതലുള്ള നടപടികളിൽ ഖേദപ്രകടനം നടത്തുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഖേദം പ്രകടിപ്പിക്കുന്നു എന്ന് ശ്രീ. കെ. സുരേഷ്കുമാർ മറുപടി പറഞ്ഞു. അപ്രകാരം സമിതി മുമ്പാകെ പരിഗണനയ്ക്കുവന്ന വിഷയങ്ങളിൽ സമിതി മുമ്പാകെ നേരിൽവന്ന് ഖേദം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ്കുമാറിനെ തുടർനടപടികളിൽനിന്നും ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു (അനുബന്ധം 12).

## സമിതിയുടെ നിഗമനം

ബഹു. പ്രതിപക്ഷനേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ 23-11-2011-ലെ യോഗത്തിൽ തെളിവ് നൽകിയ ശേഷം മുൻ ഐ.ടി. സെക്രട്ടറിയും നിലവിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയുമായ ശ്രീ. കെ. സുരേഷ്കുമാർ അന്നേദിവസം മാധ്യമപ്രവർത്തകരോട് സമിതിയിൽ നൽകിയ തെളിവ് സംബന്ധിച്ച് സംസാരിച്ചത് അനുചിതമാണെന്നും ഏത് സാഹചര്യത്തിലായാലും നിയമസഭാ സമിതിയുടെ മുമ്പാകെ പറയുന്ന കാര്യങ്ങൾ മാധ്യമപ്രവർത്തകരോട് വെളിപ്പെടുത്തുവാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ ബഹു. സ്പീക്കർ നിയമിച്ച ഒരു സമിതിയുടെ ചെയർമാന്റെ നടപടികളെ കുറ്റപ്പെടുത്തുന്നത് ആശാസ്യമല്ലെന്നും ഗുരുതരമായ തെറ്റാണെന്നും സമിതിയോടുള്ള അവഹേളനവും സമീപനവും സഭയോടുള്ള അവഹേളനത്തിന് തുല്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഈ രണ്ട് വിഷയത്തിലും സമിതി മുമ്പാകെ നേരിൽവന്ന് ഖേദം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ്കുമാറിനെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുന്നു.

### സമിതിയുടെ ശുപാർശ

ബഹു. പ്രതിപക്ഷനേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ 23-11-2011-ലെ യോഗത്തിൽ തെളിവ് നൽകിയ ശേഷം തെളിവെടുപ്പ് സംബന്ധിച്ച് മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിയതിലും തുടർന്ന് സഭയുടെ തന്നെ ഭാഗമായ പ്രത്യേക നിയമസഭാ സമിതിയെ അവഹേളിക്കുന്ന രീതിയിൽ വിശദീകരണം നൽകിയതിലും പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി മുമ്പാകെ നേരിട്ട് വന്ന് ഖേദം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ് കുമാറിനെതിരെ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന്മേലും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ് കുമാർ നൽകിയ മറുപടിയിന്മേലും തുടർന്നുള്ള നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

കെ. മുരളീധരൻ,

*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2013 ഒക്ടോബർ 3.

അനുബന്ധം 1

ബഹു. സ്പീക്കർ,
കേരള നിയമസഭ

സർ,

ബഹു. പ്രതിപക്ഷനേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ പ്രഥമ യോഗം 10.8.2011-ൽ ചേർന്ന് പ്രവർത്തനമാരംഭിക്കുകയും തുടർന്നുള്ള മാസങ്ങളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്നും തെളിവെടുപ്പ് നടത്തിവരികയുമാണ്. 23.11.2011-ന് ചേർന്ന യോഗത്തിൽ മുൻ ഐ.ടി. സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാറിൽ നിന്നാണ് സമിതി തെളിവെടുത്തത്. എന്നാൽ സമിതി മുൻപാകെ ഹാജരായ ശ്രീ. കെ. സുരേഷ്കുമാർ അന്ന് വൈകുന്നേരം മാധ്യമപ്രവർത്തകരോട് സമിതിയിൽ നൽകിയ തെളിവ് സംബന്ധിച്ച് സംസാരിക്കുകയും ആയത് ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുകയും പിറ്റേദിവസത്തെ പ്രധാന പത്രങ്ങളിൽ അച്ചടിച്ച് വരികയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200(2) താഴെപ്പറയും പ്രകാരമാണ്.

The evidence given before a Committee shall not be published by any member of the Committee or by any other person until it has been laid on the Table.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200(2) ന്റെ വ്യക്തമായ ലംഘനമാണ് ശ്രീ. കെ. സുരേഷ്കുമാർ നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ 2.12.2011-ൽ ചേർന്ന സമിതി യോഗം അതൃപ്തി രേഖപ്പെടുത്തുകയും ഈ വിഷയം അങ്ങയുടെ

ശ്രദ്ധയിൽ കൊണ്ട് വരുന്നതിന് സമിതി ചെയർമാനായ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു.

സമിതി മുൻപാകെ നൽകിയ വിവരങ്ങൾ ദൃശ്യമാധ്യമങ്ങൾക്ക് നൽകുക വഴി ശ്രീ. കെ. സുരേഷ് കുമാർ നിയമസഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ ടിയാനെതിരെ യുക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം,

വി.ഡി. സതീശൻ,
ചെയർമാൻ,
പ്രത്യേക നിയമസഭാ സമിതി.

അനുബന്ധം 2

# പതിമൂന്നാം കേരള നിയമസഭ

# ബുള്ളറ്റിൻ—ഭാഗം II

2012 ഫെബ്രുവരി 1

**നമ്പർ 139**

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശ ലംഘന നോട്ടീസ്- പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയ്ക്ക് റഫർ ചെയ്യുന്നത് സംബന്ധിച്ച്.

ബഹു. പ്രതിപക്ഷ നേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെ കുറിച്ച് അന്വേഷിക്കുന്നതിന് രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ 23-11-2011-ലെ യോഗത്തിൽ സമിതി മുമ്പാകെ മുൻ ഐ. ടി സെക്രട്ടറിയും ഇപ്പോൾ പി.ആന്റ്.എ.ആർ.ഡി. വകുപ്പ് സെക്രട്ടറിയുമായ ശ്രീ. കെ. സുരേഷ് കുമാർ തെളിവു നൽകിയശേഷം അന്നേ ദിവസം മാധ്യമപ്രവർത്തകരോട് സമിതിയിൽ നൽകിയ തെളിവ് സംബന്ധിച്ച് സംസാരിക്കുകയും ആയത് ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുകയും പിറ്റേ ദിവസത്തെ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച് വരാനിടയായതും നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200 (2)-ന്റെയും നിയമസഭയുടെ പ്രത്യേക അവകാശങ്ങളുടെയും ലംഘനവുമായതിനാൽ 2-12-2011-ന് ചേർന്ന സമിതിയോഗം ഈ വിഷയം ബഹു. സ്പീക്കറിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സമിതി ചെയർമാൻ ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. ഒരു അവകാശ ലംഘന നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കായി ബഹു. സ്പീക്കർ 23-12-2011-ന് റഫർ ചെയ്തിരിക്കുന്നു.

പി. കെ. മുരളീധരൻ,
*സെക്രട്ടറി-ഇൻ-ചാർജ്.*

അനുബന്ധം 3

# പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2012 മാർച്ച് 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2012 മാർച്ച് മാസം 5-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4.05 മണിയ്ക്ക് സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീമതി പി. അയിഷാ പോറ്റി, എം. എൽ. എ.
2. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
3. ശ്രീ. ജി. സുധാകരൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. അബ്ദുൾ റാഫി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അണ്ടർ സെക്രട്ടറി

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന അവകാശലംഘന നോട്ടീസുകൾ പരിഗണിക്കുകയുണ്ടായി.

1. ബഹു. സ്പീക്കർ സമിതിയുടെ പരിഗണനയ്ക്കായി റഫർ ചെയ്ത ശ്രീ. വി. ഡി. സതീശൻ, എം. എൽ.എ., ശ്രീ. കെ. സുരേഷ് കുമാറിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസ്.

മുൻ. ഐ. ടി. സെക്രട്ടറിയും ഇപ്പോഴത്തെ പി. & എ. ആർ. ഡി. (ഔദ്യോഗിക ഭാഷ) സെക്രട്ടറിയുമായ ശ്രീ. കെ. സുരേഷ് കുമാർ സമിതി മുൻപാകെ തെളിവു നൽകിയ ശേഷം പ്രസ്തുത യോഗനടപടികളുടെ വിശദാംശം അന്നേദിവസംതന്നെ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് നൽകിയെന്നുള്ള ഗൗരവമേറിയ പ്രശ്നത്തിന്മേൽ സമിതി സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. നിയമസഭാ സമിതി ഈ വിഷയത്തിന്മേൽ തെളിവെടുപ്പ് നടത്തുമ്പോൾ അതിന് രഹസ്യ സ്വഭാവ മുണ്ടെന്നും അത് ഇപ്പോൾ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ പരസ്യമായി ലംഘിച്ചിരി ക്കുകയാണെന്നും സമിതി വിലയിരുത്തി. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200 (2) പ്രകാരം ഒരു കമ്മിറ്റി മുൻപാകെ നൽകപ്പെട്ട തെളിവ് മേശപ്പുറത്ത് വയ്ക്കുന്നതുവരെ കമ്മിറ്റിയിലെ ഏതെങ്കിലും അംഗമോ മറ്റേതെങ്കിലും വ്യക്തിയോ പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ലായെന്നും ശക്തർ ആന്റ് കൗളിന്റെ Practice and Procedure of Parliament (6th Edition) എന്ന ഗ്രന്ഥത്തിന്റെ 297-ാം പേജിൽ " It is breach of Privilege and contempt of House to publish

any part of the proceedings or evidence given before, or any document prescribed to a Parliamentary Committee before such procedure or evidence or document have been reported to the House" എന്നും പറഞ്ഞിട്ടുള്ള വിവരം സമിതി നിരീക്ഷിച്ചു.

സമിതി മുമ്പാകെ തെളിവു നൽകിയശേഷം പ്രസ്തുത യോഗ നടപടികളുടെ വിശദാംശം പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് നൽകിയ വിഷയത്തിന്മേൽ ശ്രീ. കെ. സുരേഷ് കുമാറിൽ നിന്നും വിശദീകരണം ആരായുന്നതിനും ആയത് ലഭ്യമായശേഷം തുടർ നടപടികൾ സ്വീകരിക്കാമെന്നും സമിതി തീരുമാനിച്ചു.

2. ജില്ലാ പഞ്ചായത്ത് മെമ്പർമാരുടെ പ്രോട്ടോക്കോൾ നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് വയനാട് ജില്ലാ പഞ്ചായത്ത് പാസ്സാക്കിയ പ്രമേയം സംബന്ധിച്ച്.

പ്രസ്തുത വിഷയം സമിതിയുടെ അധികാരപരിധിയിൽ വരുന്നതല്ലാത്തതിനാൽ ഇതിന്മേൽ നടപടികളൊന്നും സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

## അനുബന്ധം 4

നമ്പർ29/സെക്രട്ടറി/2012/ഉപ.സ. തീയതി 12.04.2012

സ്വീകർത്താവ്

സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

വിഷയം:- 13-ാം കേരള നിയമസഭ - പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി - പ്രത്യേക നിയമസഭാ സമിതി അദ്ധ്യക്ഷൻ ശ്രീ.വി.ഡി. സതീശൻ, എം.എൽ.എ നൽകിയ അവകാശ ലംഘന നോട്ടീസ് - സംബന്ധിച്ച്

സൂചന:- 1. നിയമസഭാ സെക്രട്ടറിയുടെ 31.03.2012-ാം തീയതിയിലെ 251/ലെജി. 2/2012 നമ്പർ കത്ത്.

2. ബഹു.പ്രതിപക്ഷ നേതാവിനെതിരായി ശ്രീ.പി.സി. വിഷ്ണുനാഥ്, എം.എൽ.എ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ 2012 മാർച്ച് 8-ാം തീയതി സമർപ്പിച്ച റിപ്പോർട്ട്.

3. സമിതിയുടെ ചെയർമാനായ ശ്രീ.വി.ഡി. സതീശൻ എം.എൽ.എ.യുടെ സ്പീക്കർക്കയച്ച 16.12.2011 ലെ 1044/08/2011 -ാം നമ്പർ കത്ത്.

********

സൂചന (3) ലെ ശ്രീ.വി.ഡി.സതീശൻ എം.എൽ.എ. യുടെ അവകാശ ലംഘന നോട്ടീസിന്മേൽ ഉള്ള എന്റെ രേഖാ മൂലമുള്ള വിശദീകരണം ചുവടെ ചേർക്കുന്നു.

### വിശദീകരണം

വി.എ. അരുൺകുമാറിനെ ICT അക്കാദമി ഡയറക്ടറായി നിയമിച്ചതിനെ ആരോപണം സംബന്ധിച്ച് അന്വേഷിച്ച നിയമസഭാ സമിതിയുടെ മുൻപാകെ 22.11.2011 -ൽ മൊഴി നൽകിയശേഷം നിയമസഭാ സമുച്ചയത്തിൽ നിന്ന് പുറത്തുവന്ന എന്നോട് ചില മാധ്യമ പ്രവർത്തകർ, "താങ്കൾ

ഐ.ടി. സെക്രട്ടറിയായിരുന്ന സഹോദരൻ അരുൺകുമാറിനെ ICT അക്കാദമി ഡയറക്ടറായി നിയമിച്ചിരുന്നോ?" എന്നു ചോദിച്ചു. ഞാൻ സെക്രട്ടറിയായിരുന്ന കാലത്ത് അരുൺകുമാറിനെയോ മറ്റാരെയെങ്കിലുമോ ICT അക്കാദമി ഡയറക്ടറായി നിയമിച്ചിട്ടില്ല എന്ന് മറുപടിയും നൽകി. ഇത് വാസ്തവമാണ്. സമിതിയിൽ ഞാൻ നൽകിയ മൊഴിയെക്കുറിച്ചോ സമിതിയുടെ ചോദ്യങ്ങളെക്കുറിച്ചോ മാധ്യമങ്ങൾ എന്നോടു ചോദിക്കുകയോ ഞാൻ എന്തെങ്കിലും അങ്ങോട്ടു പറയുകയോ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ഇത് സഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200(2)-ന്റെ പരിധിയിൽ വരുന്നതല്ല എന്ന് അറിയിക്കട്ടെ.

അന്ന് മാധ്യമ പ്രവർത്തകരിൽ നിന്നുണ്ടായ ചോദ്യങ്ങളിലൊന്നും എന്റെ മറുപടിയുടെയും ഏകദേശ രൂപം ഇനി പറയുന്നു:

"താങ്കൾ ഐ.ടി. സെക്രട്ടറിയായിരിക്കെ അരുൺകുമാറിനെ ക്രമവിരുദ്ധമായി ICT അക്കാദമി ഡയറക്ടറായി നിയമിച്ചുവെന്ന ഗുരുതരമായ ആരോപണമാണ് ഉയർന്നിട്ടുള്ളത്. ഇത് ശരിവയ്ക്കുന്ന തരത്തിൽ, ഈ ആരോപണം അന്വേഷിക്കുന്ന നിയമസഭാസമിതിയുടെ മുന്നിൽ ചില ഉദ്യോഗസ്ഥർ മൊഴി നൽകിയതായുള്ള വാർത്തകൾ മാധ്യമങ്ങളിൽ താങ്കളും കണ്ടു കാണുമല്ലോ? അങ്ങനെയൊരു നിയമനം നടന്നിട്ടുണ്ടോ?".

എന്റെ മറുപടി: "നിയമാവലി പ്രകാരം ഡയറക്ടറെ നിയമിക്കേണ്ടത് സർക്കാരാണ്. അതുകൊണ്ടു തന്നെ എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും ഞാൻ സെക്രട്ടറിയായിരിക്കെ അരുൺകുമാറിനെ എന്നല്ല, ആരെയും നിയമിച്ചിട്ടില്ല. എന്റെ അറിവിൽ ഇപ്പോഴും അതിനൊരു ഡയറക്ടർ ഇല്ല."

അവകാശ ലംഘന നോട്ടീസുമായി ബന്ധപ്പെട്ട എന്റെ വിശദീകരണത്തിന്റെ ഭാഗമായി മറ്റു ചില കാര്യങ്ങൾ കൂടി ബോധിപ്പിക്കാനുണ്ട്:

മാത്രമല്ല, അന്ന് ദിവസം മാധ്യമ പ്രവർത്തകർ എന്നോടു ചൂണ്ടിക്കാട്ടിയതുപോലെ സമിതിയുടെ മുന്നിൽ നൽകപ്പെട്ട രഹസ്യമൊഴികൾ അതേ ദിവസങ്ങളിൽ മാധ്യമങ്ങളിൽ വാർത്തയായി വന്നുകൊണ്ടിരുന്നു. ഈ വാർത്തകളെല്ലാം ഒരേ സ്വഭാവത്തോടും ചില മുൻവിധികളോടും കൂടിയതായിരുന്നു എന്ന് എനിക്ക് തോന്നിയിരുന്നു. അതുകൊണ്ട് തന്നെ എനിക്ക് മുമ്പ് മൊഴി നൽകിയ എന്റെ സഹപ്രവർത്തകരോടു ഞാൻ ഇതേക്കുറിച്ച് ചോദിച്ചു. അവർ എന്നോടു പറഞ്ഞത്, അവർ പറഞ്ഞതിനു വിരുദ്ധമായ കാര്യങ്ങളാണ് വാർത്തയായി വന്നതെന്നും ഇതെങ്ങനെ സംഭവിച്ചുവെന്ന് അത്ഭുതപ്പെടുന്നുവെന്നുമാണ്. ഇത് സത്യമാണെന്നു തെളിയിക്കുന്ന ഒരുദാഹരണം ബഹുമാനപ്പെട്ട പ്രിവിലേജ്, എത്തിക്സ് സംബന്ധിച്ച കമ്മിറ്റിയുടെ മുന്നിൽ വയ്ക്കട്ടെ – ഐ.ടി.വകുപ്പ് സെക്രട്ടറിയായിരുന്ന ടി. ബാലകൃഷ്ണന്റെ മൊഴിയെന്ന നിലയിൽ വന്ന

പത്രവാർത്ത (കോപ്പി ഇതോടൊപ്പം) 'അരുൺകുമാറിനെ ഡയറക്ടറാക്കിയത് സർക്കാരിന്റെ അറിവോടെയെന്നു മൊഴി' എന്ന തലക്കെട്ടോടെയാണ്. എന്നാൽ, 'ICT അക്കാദമി ഡയറക്ടറായി അരുൺകുമാറിനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ഒന്നും ഇറങ്ങിയിട്ടില്ല' എന്ന് ടി.ബാലകൃഷ്ണൻ മൊഴി നൽകിയതായി കമ്മിറ്റിയുടെ റിപ്പോർട്ടിൽ (പേജ് 11) വ്യക്തമായും രേഖപ്പെടുത്തിയിരിക്കുന്നു. എന്നു മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടുത്ത ഗവൺമെന്റ് തീരുമാനം എടുക്കട്ടെ എന്നാണ് മുഖ്യമന്ത്രി ഫയലിൽ ഉത്തരവിട്ടിട്ടുള്ളത് എന്നും ടി. ബാലകൃഷ്ണൻ മൊഴി നൽകിയതായും (പേജ് 10) റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പ്രിവിലേജ്, എത്തിക്സ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്ന ഒരു കാര്യം പ്രത്യേക സമിതിക്കു മുമ്പിൽ നൽകപ്പെട്ട രഹസ്യ മൊഴികൾ-ഇവ്വിധം വളച്ചൊടിച്ച് മാധ്യമങ്ങളിൽ തുടർച്ചയായി വാർത്തയാകുന്നതു തടയാൻ ഒരു നടപടിയും സമിതിയുടെ അധ്യക്ഷന്റെ ഭാഗത്തു നിന്നുണ്ടായില്ല എന്നതാണ്.

സമിതിക്കു മുമ്പിൽ ഞാൻ നൽകിയ രഹസ്യ മൊഴിയും ഇത്തരത്തിൽ വളച്ചൊടിച്ചാണ് അടുത്ത ദിവസം പത്രത്തിൽ വന്നത്. (കോപ്പി ഇതോടൊപ്പം). ഈ വാർത്തയിൽ [illegible] സമിതി അധ്യക്ഷൻ തന്നെ . തെളിവെടുപ്പ് വേളയിൽ എന്നോടു ചോദിച്ചതായ ചോദ്യങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷേ, അതിനുള്ള എന്റെ മറുപടിയാവട്ടെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുമാണ് വന്നത്. അതായത്, :

"...IHRD ഡയറക്ടർക്കും അഡീഷണൽ ഡയറക്ടർ എന്ന നിലയിൽ അരുൺകുമാറിനും അറിയാമായിരുന്നു ICT ഡയറക്ടറെ നിയമിച്ചിട്ടില്ലെന്ന്. അങ്ങനെയൊരു കറസ്പോണ്ടൻസ് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്ന്. തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ലെന്ന്. എന്നിട്ടും സെക്രട്ടറി ലിസ്റ്റിൽ പെടുത്തായി IHRD ഒരു പേപ്പർ സർക്കുലേറ്റ് ചെയ്തു. അതും മുഖ്യമന്ത്രിയെക്കൊണ്ട്. അഡീഷണൽ ഡയറക്ടറുടെ പിതാവാണ് മുഖ്യമന്ത്രി. മുഖ്യമന്ത്രിയെക്കൊണ്ടും IHRD ചെയർമാനെന്ന നിലയിൽ വിദ്യാഭ്യാസമന്ത്രിയെക്കൊണ്ടും ഒപ്പിടുവിച്ച് നിയമിക്കപ്പെടാതെ ഒരു തസ്തികയിൽ താനുണ്ട് എന്ന് പറഞ്ഞ് അരുൺകുമാർ ഗവൺമെന്റിനെ കബളിപ്പിക്കുകയായിരുന്നില്ലേ?" എന്നായിരുന്നു ചെയർമാന്റെ ചോദ്യം.

ഇതിനുള്ള എന്റെ വ്യക്തമായ മറുപടി - " കബളിപ്പിക്കാനുള്ള ശ്രമമായി വേണമെങ്കിൽ വ്യാഖ്യാനിക്കാം... പക്ഷേ അങ്ങനെയൊരു ഒപ്പിട്ടാൽ എങ്ങനെ കബളിപ്പിക്കലാവില്ല" എന്നു തന്നെയായിരുന്നു..."

ഇതിനു പകരം പത്രത്തിൽ വന്നതു മറിച്ചായിരുന്നു. എന്നു മാത്രമല്ല, അക്കാദമി രജിസ്ട്രേഷനു വേണ്ടി രജിസ്ട്രാർ ഓഫീസിൽ ഹാജരാക്കിയതു വ്യാജ രേഖയായിരുന്നുവെന്ന്

സമിതിക്കു മുൻപാകെ, ശ്രീ. വി.ഡി.സതീശന്റെ ആവർത്തിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടിയായി ഞാൻ പറഞ്ഞുവെന്നും പ്രസ്തുത പത്രവാർത്ത പറയുന്നു. ചെയർമാന്റെ ചോദ്യവും അതിനുള്ള എന്റെ വ്യക്തമായ മറുപടിയും സമിതി റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തു. ഇക്കാര്യം തെളിവെടുപ്പിന്റെ 'പദാനുപദ' രേഖകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

ഇത്തരത്തിൽ സമിതി അദ്ധ്യക്ഷനെത്തന്നെ അധിക്ഷേപിച്ച് വാർത്ത വന്നിട്ടും അതിന്മേൽ ഒരു നടപടിയും അദ്ധ്യക്ഷൻ വി.ഡി. സതീശന്റെ ഭാഗത്തു നിന്നുണ്ടായില്ല. ഇത്തരത്തിൽ വാർത്ത വരാൻ ഇടയായ സാഹചര്യം ഞാൻ പത്രമാഫീസുകളിൽ വിളിച്ചന്വേഷിച്ചപ്പോൾ എല്ലാ തെളിവെടുപ്പ് ദിവസങ്ങളിലും വൈകുന്നേരം തങ്ങൾക്ക് വാർത്ത എഴുതിത്തന്നത് കിട്ടാറുണ്ടെന്നും പക്ഷേ, അതിന്റെ ഉറവിടം വെളിപ്പെടുത്താനാവില്ലെന്നുമായിരുന്നു അവരുടെ മറുപടി. ഈ സാഹചര്യത്തിൽ എന്റെ മൊഴിയുടെ പകർപ്പ് ഞാൻ സമിതിയോടു രേഖാമൂലം ചോദിച്ചെങ്കിലും ലഭ്യമായില്ല. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം-200(2)-ന്റെ ലംഘനമാകുമെന്ന് ചൂണ്ടിക്കാട്ടിയാണ് എനിക്ക് മൊഴിപ്പകർപ്പ് നൽകാതിരുന്നത്. ചട്ടം-200(2) പറയുന്നത് ഇതു പബ്ലിഷ് ചെയ്യാൻ പാടില്ല എന്നാണ്. പബ്ലിഷ് ചെയ്യരുത് എന്ന നിർദ്ദേശമല്ലാതെ പബ്ലിഷ് ചെയ്യില്ല എന്ന എന്റെ ഉറപ്പ് വാങ്ങിയോ ഇത് ഞാൻ സമിതി [illegible]. അതേസമയം, എന്റെ മൊഴി തെറ്റായി മാധ്യമങ്ങളിൽ വരികയും ചെയ്തു. ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ് ഒരു സമിതിയംഗം തന്നെ ഈ വിഷയത്തെക്കുറിച്ച് ചാനൽ ചർച്ചകളിൽ പരസ്യമായി സംസാരിച്ചുവെന്ന കാര്യവും. ഇക്കാര്യം സമിതിയുടെ യോഗങ്ങളുടെ മിനിറ്റ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ അറിഞ്ഞത്. ബഹുമാനപ്പെട്ട പ്രിവിലേജ്, എത്തിക്സ് കമ്മിറ്റിക്ക് അതും പരിശോധിക്കാവുന്നതാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം-200(2) പ്രകാരം ഇതൊക്കെ അവകാശ ലംഘനമല്ലേ? കേരള നിയമസഭാ അംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 14-ന്റെ നഗ്നമായ ലംഘനമല്ലേ? ഇവിടെയൊന്നും ബാധകമല്ലാത്ത അവകാശ ലംഘനം എങ്ങനെയാണ് എനിക്ക് ബാധകമാകുക? പ്രത്യേകിച്ചും, സമിതിയുടെ ചോദ്യങ്ങളെക്കുറിച്ചോ എന്റെ മൊഴിയെക്കുറിച്ചോ ഒന്നും മാധ്യമ പ്രവർത്തകർ ചോദിക്കുകയോ ഞാൻ പറയുകയോ ചെയ്യാത്ത സാഹചര്യത്തിൽ സമിതിയദ്ധ്യക്ഷന്റെ ഈ നടപടി വിചിത്രമായാണ് എനിക്കു തോന്നുന്നത്. ചെയർമാനും സമിതിയംഗങ്ങളും ബന്ധപ്പെട്ട നിയമസഭാ ഉദ്യോഗസ്ഥരും സാക്ഷികളും മാത്രം ഉൾപ്പെടുന്ന രഹസ്യ സ്വഭാവമുള്ള ഒരു തെളിവെടുപ്പിന്റെ വിവരങ്ങൾ വളച്ചൊടിച്ചും തെറ്റായും തുടർച്ചയായി മാധ്യമങ്ങളിൽ വന്ന സാഹചര്യം അന്വേഷിക്കുകയും തടയുകയും ചെയ്യേണ്ടതായിരുന്നില്ലേ? വളരെ പരസ്യമായിത്തന്നെയാണ് മാധ്യമങ്ങളുടെ മേൽപ്പറഞ്ഞ ചോദ്യത്തിന് ഞാൻ തികച്ചും സുതാര്യമായ മറുപടി നൽകിയത്. അതെങ്ങനെ അവകാശ ലംഘനമാകും? ചട്ടം 200(2) ലംഘിച്ചാൽ മാത്രമല്ലേ അവകാശലംഘനമാകൂ.

ഇതുമായി ബന്ധപ്പെട്ട് എനിക്കു ബോധിപ്പിക്കാനുള്ള മറ്റൊരു കാര്യം ICT അക്കാദമിയുമായി ബന്ധപ്പെട്ട ആരോപണത്തെ വളരെ മുൻവിധിയോടെയാണ് സമിതി സമീപിച്ചതെന്നും അതിന്റെ തുടർച്ചയായാണ് ഇപ്പോൾ എനിക്കെതിരെ ഉയർന്നിട്ടുള്ള അവകാശ ലംഘന ആരോപണവുമെന്നാണ്. സമിതിയുടെ റിപ്പോർട്ട് തന്നെയാണ് അതിനു തെളിവ്. സമിതിക്കു മുൻപാകെ തെളിവു നൽകിയ ഞാനുൾപ്പെടെയുള്ള ഉദ്യോഗസ്ഥരും അന്നത്തെ മുഖ്യമന്ത്രിയും അരുൺകുമാറിനെ ICT അക്കാദമി ഡയറക്ടറായി നിയമിച്ചിട്ടില്ല, അങ്ങനെയൊരു നിയമന ഉത്തരവുമില്ല എന്ന് തെളിവു സഹിതം വ്യക്തമാക്കിയിട്ടുണ്ട്. എന്തിന്, ആരോപണമുന്നയിച്ച ബഹുമാനപ്പെട്ട എം.എൽ.എ പി.സി.വിഷ്ണുനാഥ് പോലും പറഞ്ഞിരിക്കുന്നത് അരുൺകുമാറിനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നാണ്. അങ്ങനെയൊന്നുണ്ടെങ്കിൽ കിട്ടാൻ എളുപ്പമുള്ള ഒരു രേഖയു സർക്കാർ ഉത്തരവ്. മാധ്യമങ്ങളെല്ലാം ഇതെക്കുറിച്ച് അന്വേഷിച്ച സമിതിയും അരുൺകുമാറിനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെക്കുറിച്ച് പരാമർശിക്കുന്നതേയില്ല. അതേസമയം, ICT അക്കാദമി രജിസ്റ്റർ ചെയ്യുന്നതിനായി സമർപ്പിക്കപ്പെട്ട MOA യിൽ അരുൺകുമാർ സ്വയം ഡയറക്ടർ, ICT അക്കാദമി എന്ന് ഒപ്പ് പദവി അംഗങ്ങൾക്കൊപ്പം എഴുതി ചേർത്തും ഒപ്പ് വെച്ചിട്ടുമുണ്ട്. അരുൺകുമാർ ICT അക്കാദമി ഡയറക്ടറായി നിയമിക്കപ്പെട്ടു എന്നതിന്റെ ആധികാരിക രേഖയായി സമിതി കണ്ടത്. എന്നാൽ ഈ MOA യുടെ 7-ാം ഖണ്ഡികയിൽ ഈ സംഘടനയെ നിയന്ത്രിക്കുന്ന ചട്ടങ്ങളുടെ പകർപ്പ് സംഘാംഗങ്ങൾ തന്നെ ശരിയ്ക്ക് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നുണ്ടെന്നും വ്യക്തമാക്കുന്നുണ്ട്. ഇതിനർത്ഥം സംഘം രജിസ്റ്റർ ചെയ്ത രജിസ്ട്രാറുടെ മുന്നിൽ സമർപ്പിക്കപ്പെട്ട MOA യുടെ ഭാഗം തന്നെയാണ് അതിനനുബന്ധമായ ചട്ടങ്ങളും എന്നാണ്. എന്നാൽ, ഈ ചട്ടങ്ങൾ ഉൾപ്പെടുന്ന ഭാഗം സമിതി അന്വേഷണ വേളയിൽ "പരിശോധിച്ച പ്രധാന രേഖകൾ" എന്ന അനുബന്ധത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. അക്കാദമിയുടെ ഡയറക്ടറെ നിയമിക്കേണ്ടത് സർക്കാരാണെന്നും, അതിനു മുൻപ് ഡയറക്ടറുടെ സേവന വേതന വ്യവസ്ഥകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ നിശ്ചയിക്കേണ്ടത് ഗവേണിംഗ് ബോഡിയാണെന്നും വ്യക്തമാക്കുന്ന ചട്ടങ്ങളുടെ പ്രസക്ത ഭാഗമാണ് ഇങ്ങനെ ബോധപൂർവ്വം ഒഴിവാക്കിയത്. ചട്ടങ്ങളിൽ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ടെന്ന് മൊഴി കൊടുത്ത വേളയിൽ സമിതിയോട് പലവട്ടം ബോധിപ്പിച്ചിരുന്നതുമായിരുന്നു. ഇത് പരിഗണിച്ചിരുന്നുവെങ്കിൽ വിഷ്ണുനാഥ് എം.എൽ.എ.യുടെ ആരോപണം വസ്തുതാപരമാണെന്ന നിഗമനത്തിൽ എത്താൻ സമിതിക്കു കഴിയുമായിരുന്നില്ല. ഇങ്ങനെയിൽ മുൻവിധിയോടെ, തെളിവുകളെ ബോധപൂർവ്വം അവഗണിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുകവഴി ഈ സമിതി സഭയെയും പൊതുസമൂഹത്തെയും വഞ്ചിക്കുകയായിരുന്നുവെന്ന് ഞാൻ കരുതുന്നു.

ഇതുമായി ബന്ധപ്പെട്ട് എന്റെ വിശദീകരണത്തിന്റെ ഭാഗമായി ഒരു കാര്യം കൂടി ബോധിപ്പിക്കട്ടെ. വിഷ്ണുനാഥ് എം.എൽ.എ.യുടെ മൊഴിയായി റിപ്പോർട്ടിൽ (പേജ് 12)

ചേർത്തിരിക്കുന്ന ഒരു ഭാഗം ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ എന്റെ വിശ്വാസ്യതയെ ഏറെ ദോഷകരമായി ബാധിക്കുന്നതാണ്. അതായത്, "ഐ.ടി വകുപ്പ് അന്നത്തെ മുഖ്യമന്ത്രിയുടെ കീഴിലായിരുന്നതിനാൽ അന്നത്തെ ഐ.ടി. സെക്രട്ടറിക്ക് ശ്രീ.വി.എ. അരുൺകുമാർ അന്നത്തെ മുഖ്യമന്ത്രിയുടെ മകനാണെന്ന വിവരം അറിയാമായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയുടെ കീഴിലുള്ള ഐ.ടി.വകുപ്പ് സെക്രട്ടറി മേൽപ്രകാരം കാരണക്കാരൻ ചെയ്ത് ശ്രീ.വി.എ.അരുൺകുമാർ ICT അക്കാദമി ഡയറക്ടറാണെന്ന് സർക്കാർ അംഗീകരിച്ചതോടെ അന്നത്തെ മുഖ്യമന്ത്രിക്കു കൂടി ഇക്കാര്യം അറിയാമായിരുന്നുവെന്ന് വ്യക്തമാണ്." - എന്നാണ്. ഈ ആരോപണത്തിനു ഞാൻ തെളിവുസഹിതം തന്നെ മറുപടി നൽകിയിരുന്നിട്ടും സമിതിയുടെ അവസാന റിപ്പോർട്ടിൽ എന്റെ മറുപടി ഒന്ന് ചേർത്തിട്ടില്ല. എന്നുമാത്രമല്ല, അന്നത്തെ മുഖ്യമന്ത്രിയും ഞാനും ചേർന്ന് ഗൂഢാലോചന നടത്തി അദ്ദേഹത്തിന്റെ മകനെ ICT അക്കാദമി ഡയറക്ടറാക്കിയെന്ന ദുസ്സൂചന നൽകുന്ന ആരോപണത്തിനുള്ള മറുപടിയായിരുന്നു 11.02.2011-ൽ മുഖ്യമന്ത്രിക്കയച്ച ഫയലിലെ എന്റെ കുറിപ്പ്. ഇതിൽ വ്യക്തമായും രേഖപ്പെടുത്തിയിരിക്കുന്നത് ബൈലാ പ്രകാരം ഡയറക്ടറുടെ നിയമനം നടത്തേണ്ടത് സർക്കാരാണെന്നും ഡയറക്ടറെ തിരഞ്ഞെടുത്ത് നിയമിക്കുന്നതിന് മുൻപ് അദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകളും മറ്റു ആനുകൂല്യങ്ങളും ഗവേണിംഗ് ബോഡി കൂടി തീരുമാനിക്കേണ്ടതാണെന്നും അതിനായി ഗവേണിംഗ് ബോഡി ചേരുന്നതിനുള്ള സൗകര്യപ്രദമായ തീയതി ആവശ്യപ്പെട്ടാണ് ഫയൽ അന്നത്തെ മുഖ്യമന്ത്രിക്ക് അയച്ചത്. "അതുതന്നെ ഗവൺമെന്റ് തീരുമാനിക്കട്ടെ" എന്ന് മുഖ്യമന്ത്രി ഫയലിൽ ഉത്തരവിടുകയും ചെയ്തു. മേൽപ്പറഞ്ഞ ഫയൽ ഞാൻ മുഖ്യമന്ത്രിക്ക് അയക്കുന്നതിനു മുൻപാണ് അക്കാദമി രജിസ്റ്റർ ചെയ്യുന്നതിനുള്ള MOA യിൽ ഞാൻ ഒപ്പുവച്ച് പാസാക്കിയതെന്ന് വ്യക്തമാണല്ലോ? ഈ വസ്തുതയും സമിതി കണക്കിലെടുത്തില്ല.

എന്റെ നോട്ട് ഫയലിന്റെ അടിസ്ഥാനത്തിൽ, ഒരു ഡയറക്ടറെ സർക്കാർ നിയമിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ ഇതു വിശദമാക്കുന്നു: ആദ്യം ഗവേണിംഗ് ബോഡി കൂടാനായി സൗകര്യപ്രദമായ ഒരു തീയതി മുഖ്യമന്ത്രി അറിയിക്കണം. ആ തീയതി മറ്റു ഭരണസമിതി അംഗങ്ങളെ അറിയിച്ച് യോഗം ചേരണം. ആ യോഗത്തിൽ പല തീരുമാനങ്ങളും എടുക്കും. അതിലൊന്നായിരിക്കും ഡയറക്ടറുടെ സേവന വേതന വ്യവസ്ഥകളെയും മറ്റ് ആനുകൂല്യങ്ങളെയും സംബന്ധിച്ചത്. പിന്നീട്, ഈ യോഗ്യതകളുള്ള ഒരാളെ ഡയറക്ടറായി നിയമിച്ചുതരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്ത് സർക്കാരിലേക്ക് സമർപ്പിക്കും. ഈ കത്ത് കിട്ടിക്കഴിയുമ്പോൾ ഗവേണിംഗ് ബോഡി നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് യോജിച്ച ആളെ കണ്ടെത്താനുള്ള നടപടികൾ സർക്കാർ തുടങ്ങും. പരസ്യം നൽകി അതുവഴി വരുന്ന അപേക്ഷകരിൽ നിന്ന് ഇന്റർവ്യൂ നടത്തി (അതിനു മുൻപ് ഇന്റർവ്യൂ ബോർഡിനെ നിയമിക്കണം) ഒരാളെ കണ്ടെത്തണം. അതു പിന്നീട് മന്ത്രിസഭയിൽ വച്ച് അംഗീകാരം നേടിയശേഷം വേണം നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കാൻ. ഈ ദീർഘമായ നടപടിക്രമങ്ങളുടെ ആദ്യപടിയാണ് ഭരണസമിതി യോഗം ചേരൽ. ഇതൊക്കെ എല്ലാം അടുത്ത സർക്കാർ

തീരുമാനിക്കേണ്ട എന്നാണ് അന്നത്തെ മുഖ്യമന്ത്രി സഭയിൽ ഉത്തരവിട്ടത്. ICT അക്കാദമി ഡയറക്ടറായി അരുൺകുമാറിനെ നിയമിച്ചു എന്ന വിഷയമുന്നയിച്ച് എം.എൽ.എ.യുടെ ആരോപണം വസ്തുതാപരമായി ശരിയാണെന്ന നിഗമനത്തിൽ സമിതി എത്തിച്ചേർന്നത് ഞാൻ മുൻപ് പറഞ്ഞതുപോലെ മുൻവിധിയുടെ അടിസ്ഥാനത്തിലാണെന്ന് വീണ്ടും തെളിയിക്കപ്പെടുകയാണ്.

തെളിവെടുപ്പ് വേളയിൽ സാക്ഷിയായി എത്തിയ എന്നോടു ചില പ്രത്യേക ഉത്തരങ്ങൾ കിട്ടണമെന്ന രീതിയിൽ ചെയർമാനടക്കം "ലീഡിംഗ്" ചോദ്യങ്ങൾ തുടർച്ചയായി ചോദിക്കുകയുണ്ടായി. ഈ ലീഡിംഗ് ചോദ്യങ്ങളിൽ ഒട്ടുമിക്കതും [illegible]. കോടതികളിൽ പോലും ഇത്തരം ചോദ്യങ്ങൾ അനുവദിക്കാറില്ല എന്നു സ്മരിപ്പിക്കട്ടെ. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 181 (V) ചട്ടപ്രകാരം സൂക്ഷിക്കേണ്ട പരസ്പര്യം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്.

സമിതിയുടെ മേശപ്പുറത്തു വച്ച റിപ്പോർട്ടിൽ നിന്ന് എന്റെ മൊഴിയുടെ പ്രസക്ത ഭാഗങ്ങൾ ഒഴിവാക്കപ്പെട്ടതും (അതേ സമയം, മറ്റുള്ളവരുടേതിൽ ചേർത്തിട്ടുള്ളതും) പ്രധാനപ്പെട്ട ഒരു രേഖ അതായത്, MOA യിലെ 7- ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ചട്ടങ്ങൾ ഒഴിവാക്കിയതും ഞാൻ ആവശ്യപ്പെട്ട മൊഴിപ്പകർപ്പ് തരാതിരുന്നതും ഒടുവിൽ എനിക്കെതിരെ ഉന്നയിക്കപ്പെട്ട അവകാശ ലംഘനാരോപണവും മുൻപ് പറഞ്ഞ മുൻവിധിയുടെ തുടർച്ചയായിട്ടാണെന്ന് ഞാൻ കരുതുന്നു.

എന്റെ വിശദീകരണത്തിന്റെ പശ്ചാത്തലത്തിൽ അവകാശലംഘന നോട്ടീസിലുള്ളത് ബഹുമാനപ്പെട്ട കമ്മിറ്റി മുമ്പിൽ ബോധിപ്പിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട പ്രിവിലേജസ്, എത്തിക്സ് എന്നിവയ്ക്കുള്ള സമിതിയോട് എനിക്കപേക്ഷിക്കാനുള്ളത് ആവശ്യമെങ്കിൽ സമിതിയുടെ മുൻപിൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ നേരിട്ട് വെളിപ്പെടുത്താൻ ഞാൻ തയ്യാറാണ് എന്നാണ്.

വിശ്വസ്തതയോടെ,

കെ. സുരേഷ്കുമാർ ഐ.എ.എസ്.

<u>അനുബന്ധം 5</u>

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2012 മേയ് 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2012 മേയ് മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV 'B' കോൺഫറൻസ് ഹാളിൽ ബഹു. സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ താഴെ പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. സി. മമ്മൂട്ടി,. എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അണ്ടർ സെക്രട്ടറി.

പ്രസ്തുത യോഗത്തിൽ ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസിൻമേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ് കുമാർ നൽകിയ വിശദീകരണം പരിഗണിക്കുകയും ആയത് തൃപ്തികരമല്ലാത്തതിനാൽ ശ്രീ. കെ. സുരേഷ് കുമാറിനെ 8-8-2012-ന് സമിതി മുൻപാകെ വിളിച്ച് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

സമിതി യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

അനുബന്ധം 6

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്-എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2012 ആഗസ്റ്റ് 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2012 ആഗസ്റ്റ് മാസം 8-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ എം. എൽ. എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

1. ശ്രീ. മാത്യു റ്റി. തോമസ്
2. „ മോൻസ് ജോസഫ്
3. „ തേറമ്പിൽ രാമകൃഷ്ണൻ
4. „ സാജു പോൾ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി.
2. „ തോമസ് ചെട്ടുപറമ്പിൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥൻ :

ശ്രീ. കെ. സുരേഷ്കുമാർ, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്.

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസിൻമേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാറിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

തെളിവെടുപ്പ് ആരംഭിക്കുന്നതിന് മുൻപായി സമിതിയുടെ പരിഗണനാ വിഷയം സംബന്ധിച്ച് ചെയർമാൻ ഒരു ലഘു വിവരണം നടത്തി. ശ്രീ. വി. ഡി. സതീശൻ ചെയർമാനായ പ്രത്യേക നിയമസഭാ സമിതിയിൽ മൊഴിനൽകിയ ശേഷം അതുമായി ബന്ധപ്പെട്ട് മാധ്യമ പ്രവർത്തകരോട് സംസാരിച്ചത് സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന് മറുപടിയായി ശ്രീ. കെ. സുരേഷ്കുമാർ സമിതി മുൻപാകെ എഴുതിനൽകിയ വിശദീകരണത്തിൽ ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. ചെയർമാനായിട്ടുള്ള സമിതിയുടെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്തുകൊണ്ടുള്ള ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി. "മുൻവിധിയോടെ തെളിവുകളെ ബോധപൂർവ്വം തമസ്കരിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട്

സഭയുടെ മേശപ്പുറത്തുവയ്ക്കുകയും അതുവഴി പ്രത്യേക നിയമസഭാ സമിതി സഭയേയും പൊതുജനത്തേയും വഞ്ചിക്കുകയുമായിരുന്നു" എന്ന പരാമർശം നടത്തിയിട്ടുള്ളത് സംബന്ധിച്ച് ടിയാന്റെ നിലപാട് ആരായുവാൻ സമിതി തീരുമാനിച്ചു. തുടർന്ന് ശ്രീ. കെ. സുരേഷ്കുമാർ യോഗത്തിൽ ഹാജരാകുകയും തെളിവെടുപ്പ് ആരംഭിക്കുകയും ചെയ്തു.

23-11-2011-ൽ ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. ചെയർമാനായ പ്രത്യേക നിയമസഭാ സമിതി മുൻപാകെ തെളിവുനൽകിയ ശേഷം നിയമസഭാ സമുച്ചയത്തിന് പുറത്ത് വന്നപ്പോൾ ചില മാധ്യമപ്രവർത്തകർ ചോദിച്ച ചോദ്യത്തിന് "ഞാൻ ഐ.ടി. സെക്രട്ടറിയായിരുന്ന കാലത്ത് അരുൺകുമാറിനെയോ മറ്റാരെയെങ്കിലുമോ ഐ.സി.ടി. അക്കാഡമി ഡയറക്ടറായി നിയമിച്ചിരുന്നില്ല" എന്ന് മറുപടി നൽകിയിരുന്നോ എന്ന് സമിതി ശ്രീ. കെ. സുരേഷ്കുമാറിനോട് ആരാഞ്ഞു. നിയമസഭാ സമിതിയിൽ പറയുന്ന കാര്യങ്ങൾ സമിതി അംഗങ്ങൾക്കുപോലും മാധ്യമങ്ങളോട് പറയാൻ അവകാശമില്ലാത്ത സാഹചര്യത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ എന്തുകൊണ്ട് ഇപ്രകാരം ചെയ്തുവെന്നും സമിതി ആരാഞ്ഞു. ശ്രീ. കെ. സുരേഷ്കുമാർ താഴെ പറയുംപ്രകാരം മറുപടി നൽകി. "ചട്ടം 200(2) ലംഘിച്ചു എന്ന വ്യക്തമായ ആരോപണമാണ് എനിക്കെതിരെ ഉന്നയിച്ചിരിക്കുന്നത്." 200(2)–ൽ "The evidence given before a committee shall not be published by any member of the committee or by any other person until it has been laid on the table" എന്നാണ് പറഞ്ഞിട്ടുള്ളത്. ഞാൻ തെളിവെടുപ്പ് കഴിഞ്ഞ് നിയമസഭാ കോംപ്ലക്സിൽനിന്നും പുറത്തിറങ്ങിയപ്പോൾ നാലഞ്ചു പത്രക്കാരുടെ ഒരു ഗ്രൂപ്പ് കമ്മിറ്റിയിൽ നൽകിയ മൊഴികളെക്കുറിച്ചോ തെളിവിനെക്കുറിച്ചോ അല്ല ആരാഞ്ഞത്. സമിതിയിൽ പറഞ്ഞ കാര്യങ്ങളല്ല ഞാൻ പത്രക്കാരോട് പറഞ്ഞത്. ഞാൻ ഡയറക്ടറായിരുന്നപ്പോഴോ സെക്രട്ടറിയായിരുന്നപ്പോഴോ ശ്രീ. അരുൺകുമാറിനെ ഐ.സി.ടി. അക്കാഡമിയുടെ ഡയറക്ടറായി നിയമിച്ചിട്ടില്ലെന്നും അല്ലെങ്കിൽ ഇപ്രകാരം ഒരു ഗവൺമെന്റ് ഉത്തരവ് ഉണ്ടായില്ലായെന്നുള്ള മറുപടിയാണ് പത്രക്കാരോട് പറഞ്ഞത്. അല്ലാതെ കമ്മിറ്റി എന്തു ചോദിച്ചുവെന്നോ തെളിവായി സമിതി മുൻപാകെ പറഞ്ഞ വിവരങ്ങളോ മാധ്യമ പ്രവർത്തകരോട് പറഞ്ഞിട്ടില്ല. ഇപ്രകാരം ഒരു നിയമനം നടന്നിട്ടില്ലെന്ന വിവരം ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.-ക്ക് നേരത്തേ അറിയാമായിരുന്നു. പ്രത്യേക നിയമസഭാ സമിതി രൂപീകരിച്ച് ആദ്യ സിറ്റിംഗിനു ശേഷം ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. എന്നെ ഫോണിൽ വിളിച്ച് ശ്രീ. അരുൺകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട ഫയലുമായി താങ്കൾ ഡൽഹിയിൽപ്പോയി അല്ലേ. അത് നടന്നില്ല അല്ലേ എന്ന് എന്നോട് പറഞ്ഞു. ഡൽഹി യാത്രയ്ക്കിടയിൽ സമയമുള്ളതുകൊണ്ട് വായിച്ചു നോക്കാനാണ് ഫയലുകൾ കൊണ്ടുപോയത്. നിയമനം സംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. പ്രത്യേക നിയമസഭാ സമിതി ഒരു മുൻവിധിയോടെയാണ് അന്വേഷണം നടത്തിയത്. പ്രിവിലേജിനോടൊപ്പം എഥിക്സും കൈകാര്യം ചെയ്യുന്ന സമിതിയെന്ന നിലയ്ക്ക് ഇതുകൂടി സമിതി അന്വേഷിക്കണം. ഇതിനായി രേഖാമൂലം ബഹു. സ്പീക്കർ സമക്ഷം അപേക്ഷിക്കാൻ തയ്യാറാണ്.

ശ്രീ. അരുൺകുമാറിന്റെ നിയമനം സംബന്ധിച്ച വിഷയം സഭയിൽ ഉന്നയിച്ച ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ., ശ്രീ. കെ. സുരേഷ്കുമാറിനെ വ്യക്തിപരമായി കുറ്റപ്പെടുത്തിയിട്ടില്ലെന്നും ഗവൺമെന്റ് നിയമനം നടത്തിയെന്നാണ് പറഞ്ഞതെന്നും ഇത് അന്വേഷിക്കുന്നതിനായി നിയമിച്ച കമ്മിറ്റി മുൻപാകെ നൽകിയ തെളിവുകൾ ഒരു കാരണവശാലും പുറത്തുപറയാൻ പാടില്ലെന്ന കാര്യം ഐ.എ.എസ്. ഉദ്യോഗസ്ഥനായ ശ്രീ. കെ. സുരേഷ്കുമാറിന് അറിയാവുന്നതല്ലേയെന്നും സമിതി ടിയാനോട് ആരാഞ്ഞു. പ്രത്യേക നിയമസഭാ സമിതി ശ്രീ. കെ. സുരേഷ്കുമാറിനെ വിളിച്ചുവരുത്തി ചോദിച്ച കാര്യങ്ങൾ ഒരു കാരണവശാലും അദ്ദേഹം പുറത്തുപറയാൻ പാടില്ലാത്തവയായിരുന്നുവെന്നും ഇതിൻമേൽ പ്രിവിലേജസ് കമ്മിറ്റി മുൻപാകെ എഴുതിനൽകിയ മറുപടി പ്രത്യേക നിയമസഭാ സമിതിയുടെ വിശ്വാസ്യതയെപ്പോലും ചോദ്യംചെയ്യുന്ന രീതിയിലുള്ളതാണെന്നും ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഇപ്രകാരം ചെയ്യാൻ പാടില്ലായിരുന്നുവെന്നും ഒരു നിയമസഭാ സമിതിയുടെ വിശ്വാസ്യത ചോദ്യം ചെയ്യുന്നത് വളരെ ഗുരുതരമായ അച്ചടക്കലംഘനമായി കാണുന്നതായും സമിതി അഭിപ്രായപ്പെട്ടു.

ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിലോ കമ്മിറ്റിയിൽ പങ്കെടുത്തയാൾ എന്ന നിലയിലോ പ്രത്യേക നിയമസഭാ സമിതി നടത്തിയ തെളിവെടുപ്പിന്റെ ഭാഗമായി സമിതി എന്തു ചോദിച്ചുവെന്നോ സമിതിക്ക് എന്തു മൊഴി നൽകിയെന്നോ മാധ്യമ പ്രവർത്തകർ ആരാഞ്ഞിട്ടില്ലെന്നും "നിങ്ങളുടെ മുൻപായി തെളിവുകൊടുത്ത ഉദ്യോഗസ്ഥരെല്ലാം നിയമിച്ചു എന്നു മൊഴി കൊടുത്ത പത്രവാർത്തയുണ്ടല്ലോ" എന്ന് മാധ്യമപ്രവർത്തകർ ആരാഞ്ഞപ്പോൾ "ഞാൻ സെക്രട്ടറിയായിരുന്ന സമയത്ത് നിയമിച്ചിട്ടില്ല" എന്ന് മറുപടി പറയുകയാണ് ചെയ്തതെന്ന് ശ്രീ. കെ. സുരേഷ്കുമാർ സമിതിയെ അറിയിച്ചു.

രേഖാമൂലം ശ്രീ. സുരേഷ്കുമാർ നൽകിയ വിശദീകരണത്തിൽത്തന്നെ പ്രകടമായ അച്ചടക്കലംഘനമുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. ഉത്തരവാദപ്പെട്ട ഒരു സമിതി മുൻപാകെ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ എഴുതി നൽകിയ മറുപടിയിൽ 'നിയമസഭാ സമിതി കബളിപ്പിക്കലാണ്' എന്നു പറയുന്നത് ശരിയാണോയെന്ന് സമിതി ആരാഞ്ഞപ്പോൾ ചട്ടം 200(2) അദ്ദേഹം ലംഘിച്ചിട്ടില്ലെന്നും സമിതി മുൻപാകെ നൽകിയ മൊഴി ആരോടും പറഞ്ഞിട്ടില്ലെന്നുമാണ് ശ്രീ. കെ. സുരേഷ്കുമാർ മറുപടി നൽകിയത്.

ശ്രീ. സുരേഷ്കുമാർ പറഞ്ഞത് വസ്തുതാപരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി അദ്ദേഹത്തോട് മാധ്യമപ്രവർത്തകരെ കാണുകയും സംസാരിക്കുകയും ചെയ്തില്ലേയെന്ന് ആരാഞ്ഞപ്പോൾ മാധ്യമപ്രവർത്തകരെ കാണുകയും സംസാരിക്കുകയും ചെയ്തു. ചട്ടം 200(2)-ൽ വ്യക്തമായി പറയുന്നത് സമിതി മുൻപാകെ നൽകിയ തെളിവ് പുറത്തുപറയുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യരുത് എന്നു മാത്രമാണെന്നും ശ്രീ. കെ. സുരേഷ്കുമാർ മറുപടി പറഞ്ഞു.

നിയമസഭാ സമിതിയുടെ യോഗംകഴിഞ്ഞ് ഇറങ്ങുമ്പോൾ മാധ്യമപ്രവർത്തകർ സ്വാഭാവികമായും സമിതി മുൻപാകെ നൽകിയ തെളിവുകൾ സംബന്ധിച്ചായിരിക്കുമല്ലോ ചോദിക്കുന്നത് എന്ന സമിതിയുടെ ചോദ്യത്തിന് മാധ്യമപ്രവർത്തകർ തന്നോട് ചോദിച്ചത് നിയമിച്ചിട്ടുണ്ടോ ഇല്ലയോയെന്നാണെന്ന് ശ്രീ. കെ. സുരേഷ്കുമാർ പറഞ്ഞു.

തെളിവെടുപ്പ് യോഗശേഷം ഇറങ്ങിവന്ന സുരേഷ്കുമാറിനോട് തെളിവെടുപ്പുമായി ബന്ധപ്പെട്ട ചോദ്യം തന്നെയാണ് ചോദിച്ചതെന്നും അതിന് അദ്ദേഹം മറുപടി നൽകുകവഴി അച്ചടക്കലംഘനം നടന്നിട്ടുള്ളതായും സമിതി ചൂണ്ടിക്കാട്ടി.

ശ്രീ. സുരേഷ്കുമാർ അദ്ദേഹം ഐ.ടി. വകുപ്പ് സെക്രട്ടറിയായിരുന്നപ്പോൾ ശ്രീ. അരുൺകുമാറിനെ ഡയറക്ടറായി നിയമന ഉത്തരവ് ഇറക്കിയിട്ടില്ലെന്നാണ് തെളിവ് നൽകിയിട്ടുള്ളത് എന്ന വാദത്തിൽ ഉറച്ചുനിന്നപ്പോൾ ശ്രീ. വി. ഡി. സതീശൻ ചെയർമാനായുള്ള സമിതി അന്വേഷിച്ചത് പ്രസ്തുത വ്യക്തിയുടെ നിയമനം സംബന്ധിച്ചായിരുന്നുവെന്നും നിയമനം സംബന്ധിച്ച തെളിവെടുപ്പിനായിട്ടായിരുന്നു ശ്രീ. കെ. സുരേഷ്കുമാറിനെ സമിതി ക്ഷണിച്ചിരുന്നതെന്നും അതേവിഷയം സംബന്ധിച്ചാണ് മാധ്യമപ്രവർത്തകരോട് അദ്ദേഹം സംസാരിച്ചിട്ടുള്ളതെന്നും സമിതി ചൂണ്ടിക്കാട്ടി.

പ്രത്യേക നിയമസഭാ സമിതിയുടെ പരിശോധനയിലിരുന്ന ഒരു വിഷയത്തെ സംബന്ധിച്ച് പത്രക്കാരോട് പറഞ്ഞതും ശ്രീ. സുരേഷ്കുമാർ സമിതി മുൻപാകെ എഴുതിനൽകിയ വിശദീകരണത്തിൽ 'നിയമസഭാ സമിതി നിയമസഭയെയും പൊതുജനത്തെയും വഞ്ചിച്ചുവെന്ന്' ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പറഞ്ഞതും കുറ്റകരമാണെന്ന് സമിതി വിലയിരുത്തി. മാധ്യമപ്രവർത്തകർ തെളിവെടുപ്പ് സംബന്ധിച്ച് ആരാഞ്ഞപ്പോൾ 'ഞാൻ മൊഴി കമ്മിറ്റിക്ക് കൊടുത്തിട്ടുണ്ട് കൂടുതലൊന്നും പറയാനില്ല' എന്ന മറുപടിയാണ് ശ്രീ. കെ. സുരേഷ്കുമാർ നൽകേണ്ടിയിരുന്നത് എന്ന് സമിതി അഭിപ്രായപ്പെട്ടു.

ശ്രീ. വി. ഡി. സതീശന്റെ അവകാശലംഘന നോട്ടീസിൻമേൽ നൽകിയ വിശദീകരണം മറ്റൊരു അവകാശ ലംഘനം വിളിച്ചുവരുത്തുന്ന തരത്തിൽ ഉള്ളതാണെന്നും ഒരു നിയമസഭാ സമിതിയുടെ പ്രവർത്തനത്തെക്കുറിച്ച് ആരോപണങ്ങൾ ഉന്നയിച്ചത് ശരിയായില്ലെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ശ്രീ. കെ. സുരേഷ്കുമാർ, അദ്ദേഹം നൽകിയ വിശദീകരണത്തിൽ ഉറച്ചുനിൽക്കുന്നതായി സമിതിയെ അറിയിച്ചു. ഇപ്രകാരം ആരോപണം ഉന്നയിക്കുന്നതിന് വ്യക്തിയെന്ന നിലയിൽ സുരേഷ്കുമാറിന് സ്വാതന്ത്ര്യമുണ്ടെങ്കിലും ഉദ്യോഗസ്ഥൻ എന്ന നിലയിൽ അവകാശമുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

ശ്രീ. കെ. സുരേഷ്കുമാർ പ്രത്യേക നിയമസഭാ സമിതി മുൻപാകെ തെളിവ് നൽകിയശേഷം മാധ്യമങ്ങളോട് സംസാരിച്ചതും; പ്രിവിലേജസും എത്തിക്സും സംബന്ധിച്ച സമിതി മുൻപാകെ പ്രത്യേക നിയമസഭാ സമിതിയുടെ വിശ്വാസ്യത ചോദ്യം ചെയ്തുകൊണ്ട് നൽകിയ മറുപടിയും രണ്ട് വിഷയമായി പരിഗണിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

ശ്രീ. കെ. സുരേഷ്കുമാർ, തെളിവ് നൽകി പുറത്തുപോയ ശേഷം നടത്തിയ ചർച്ചയിൽ ശ്രീ. കെ. സുരേഷ്കുമാർ മാധ്യമപ്രവർത്തകരോട് സംസാരിക്കുകവഴി

ചട്ടം 200(2)-ന്റെ ലംഘനം നടത്തിയതായി പ്രഥമദൃഷ്ട്യാ കാണാൻ സാധിക്കുമെങ്കിലും ശ്രീ. കെ. സുരേഷ്കുമാർ ചട്ടലംഘനം നടത്തിയിട്ടില്ലെന്ന് ഉറച്ചുനിൽക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി സമിതി തീരുമാനിച്ചു.

അതോടൊപ്പം, ശ്രീ. സുരേഷ്കുമാർ സമിതി മുൻപാകെ എഴുതി നൽകിയ വിശദീകരണം മറ്റൊരു അവകാശലംഘന പ്രശ്നമായി മാറിയതിനാൽ പ്രസ്തുത വിഷയം ബഹു. സ്പീക്കറുടെ പരിഗണനയ്ക്ക് സമർപ്പിക്കാനും സമിതി നിർദ്ദേശിച്ചു.

സമിതിയുടെ അടുത്ത യോഗം 2012 ആഗസ്റ്റ് മാസം 23-ാം തീയതി തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

അനുബന്ധം 7

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2012 ആഗസ്റ്റ് 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2012 ആഗസ്റ്റ് മാസം 23-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

1. ശ്രീ. മാത്യു റ്റി. തോമസ്, എം.എൽ.എ.
2. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അണ്ടർ സെക്രട്ടറി

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.-യുടെ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ 8-8-2012-ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാർ സമിതി മുമ്പാകെ നൽകിയ മൊഴി സമിതി പരിശോധിച്ചു. ശ്രീ. കെ. സുരേഷ്കുമാർ ചട്ടം 200(2)-ന്റെ ലംഘനം നടത്തിയിട്ടില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നതിനാൽ അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞ കാര്യങ്ങളടങ്ങിയ വീഡിയോ ഭാഗങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണോയെന്ന് പരിശോധിക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിനെ സമിതി ചുമതലപ്പെടുത്തി. ശ്രീ. കെ. സുരേഷ്കുമാർ മാധ്യമങ്ങളോട് പറഞ്ഞത് എന്താണെന്ന് പൂർണ്ണമായി വിലയിരുത്തിയശേഷം ആവശ്യമെന്നു കണ്ടാൽ ടിയാനെ വീണ്ടും സമിതി മുമ്പാകെ വിളിപ്പിക്കാൻ തീരുമാനിച്ചു.

സമിതി മുമ്പാകെ ശ്രീ. കെ. സുരേഷ്കുമാർ എഴുതിനൽകിയ വിശദീകരണത്തിലെ പ്രത്യേക നിയമസഭാ സമിതിയെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ അനുചിതമാണെന്ന് സമിതി വിലയിരുത്തുകയും അതിന്മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിനായി പ്രസ്തുത മറുപടി ബഹു. സ്പീക്കർക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

2012 ഒക്ടോബർ മാസാന്ത്യം എട്ട് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഒരു അഖിലേന്ത്യാ പഠന യാത്രയുടെ ഭാഗമായി പോണ്ടിച്ചേരി, ഹൈദ്രാബാദ്, മുംബൈ, ചെന്നൈ എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു ടൂർ പ്രോഗ്രാം തയ്യാറാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

യോഗം ഉച്ചയ്ക്കുശേഷം 11.30-ന് പിരിഞ്ഞു.

അനുബന്ധം 8

# പതിമൂന്നാം കേരള നിയമസഭ

# ബുള്ളറ്റിൻ—ഭാഗം II

2012 ഒക്ടോബർ 17

**നമ്പർ 269**

**ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസിന്മേൽ ശ്രീ. കെ. സുരേഷ്കുമാർ, പി. ആന്റ് എ.ആർ.ഡി. വകുപ്പു സെക്രട്ടറി നൽകിയ 13-4-2012-ലെ മറുപടി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നത് സംബന്ധിച്ച്.**

ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന് ശ്രീ. കെ. സുരേഷ്കുമാർ നൽകിയ വിശദീകരണം, നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾക്കുള്ള മറുപടിക്കുപുറമേ പ്രത്യേക നിയമസഭാ സമിതിയുടെ പ്രവർത്തനത്തേയും സമിതിയുടെ റിപ്പോർട്ടിനേയും വിമർശിച്ചുകൊണ്ടുള്ള ഗുരുതരമായ പരാമർശങ്ങൾ ഉള്ളതും പ്രഥമദൃഷ്ട്യാ അവകാശലംഘനം അടങ്ങിയിട്ടുള്ളതും ആയതിനാൽ, പ്രസ്തുത മറുപടി നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കായി ബഹു. സ്പീക്കർ 5-10-2012-ന് റഫർ ചെയ്തിരിക്കുന്നു.

പി. കെ. മുരളീധരൻ,
*സെക്രട്ടറി-ഇൻ-ചാർജ്.*

അനുബന്ധം 9

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2012 നവംബർ 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2012 നവംബർ മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV'A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ മുരളീധരൻ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. മാത്യു റ്റി. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അണ്ടർ സെക്രട്ടറി.

യോഗത്തിൽ സമിതിയുടെ പരിഗണനയ്ക്കായി ബഹു. സ്പീക്കർ റഫർ ചെയ്ത ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാർ നൽകിയ മറുപടി സമിതി പരിശോധിക്കുകയും പ്രസ്തുത മറുപടിയിൽ അവകാശലംഘനം അടങ്ങിയിട്ടുള്ളതിനാൽ ആയതിന്മേൽ രണ്ടാഴ്ചയ്ക്കുള്ളിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ശ്രീ. കെ. സുരേഷ്കുമാറിനോടാവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ആവശ്യപ്പെട്ട പ്രകാരം 8-2-2006-ൽ അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോടതിയിൽ സമർപ്പിക്കുന്നതിനായി നൽകിയ വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 5-12-2012-ന് തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## അനുബന്ധം 10

നമ്പർ.ഇ/സെക്രട്ടറി/2012/ഇ.പി.

തീയതി: 27..11..2012

സ്വീകർത്താവ്

ശ്രീ.കെ. മുരളീധരൻ,
ചെയർമാൻ,
പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റി

സർ,

വിഷയം:- 13-ാം കേരള നിയമസഭ - പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി - പ്രത്യേക നിയമസഭാ സമിതി അദ്ധ്യക്ഷൻ ശ്രീ.വി.ഡി. സതീശൻ, എം.എൽ.എ നൽകിയ അവകാശ ലംഘന നോട്ടീസ് - സംബന്ധിച്ച്.

സൂചന:- 1. നിയമസഭാ സെക്രട്ടറിയുടെ 31.03.2012-ാം തീയതിയിലെ 251/ലെജിസ് 2/ലെജി നമ്പർ കത്ത്.

2. ബഹു.പ്രതിപക്ഷ നേതാവിനെതിരായി ശ്രീ.പി.സി. വിഷ്ണുനാഥ്, എം.എൽ.എ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ 2012 മാർച്ച് 8-ാം തീയതി സമർപ്പിച്ച റിപ്പോർട്ട്.

3. സമിതിയുടെ ചെയർമാനായ ശ്രീ.വി.ഡി.സതീശൻ എം.എൽ.എ.ബഹു. സ്പീക്കർക്കയച്ച 18.12.2011 ലെ 1044/08/2011 -ാം നമ്പർ കത്ത്.

4. 18..11..2012 - ലെ നിയമസഭാ സെക്രട്ടറിയുടെ 251/ലെജിസ് 2/2012/ലെജി. നമ്പർ കത്ത്.

********

സൂചന (4) ലെ നിയമ സഭാ സെക്രട്ടറിയുടെ കത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള വിശദീകരണം ചുവടെ ചേർക്കുന്നു.

നിയമസഭാ സമിതിയുടെ പ്രവർത്തനത്തെയോ റിപ്പോർട്ടിനെയോ വിമർശിക്കുകയെന്ന ഉദ്ദേശത്തോടെയായിരുന്നില്ല 12/04/2012 ലെ എന്റെ വിശദീകരണം. സമിതിയദ്ധ്യക്ഷനോടും സാമാജികരോടുമുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടു തന്നെ പറയട്ടെ, എന്റെ വിശദീകരണത്തിൽ അങ്ങനെയൊരു തോന്നൽ ബഹുമാനപ്പെട്ട സമിതിക്കുണ്ടായെങ്കിൽ ഞാൻ നിർവ്യാജം ഖേദിക്കുന്നു. ഞാൻ ഐ.ടി സെക്രട്ടറിയായിരുന്ന കാലത്ത് വി.എ. അരുൺ കുമാറിനെ

ICT അക്കാദമി ഡയറക്ടറായി നിയമിച്ചു എന്ന സഭാ സമിതി റിപ്പോർട്ടിലെ പരാമർശം എന്നെ ഏറെ വേദനിപ്പിച്ച സാഹചര്യത്തിൽ അതു സംബന്ധിച്ച ചില വസ്തുതകൾ ബഹുമാനപ്പെട്ട സമിതിയെ ബോധ്യപ്പെടുത്താൻ ശ്രമിക്കുക മാത്രമായിരുന്നു എന്റെ ഉദ്ദേശം. ബഹു. സമിതി അദ്ധ്യക്ഷനോടോ, അംഗങ്ങളോടോ ഉള്ള അനാദരവായിരുന്നില്ല എന്ന് ഒന്നു കൂടി വ്യക്തമാക്കട്ടെ. മറിച്ച് സംഭവിച്ചതിൽ ഞാൻ അങ്ങേയറ്റം ഖേദിക്കുന്നു.

വിശ്വസ്തതയോടെ,

കെ. സുരേഷ്കുമാർ ഐ.എ.എസ്.

അനുബന്ധം 11

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2012 ഡിസംബർ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2012 ഡിസംബർ മാസം 5-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ IV 'എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ മുരളീധരൻ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.
3. ശ്രീ. മാത്യു റ്റി. തോമസ്, എം.എൽ.എ.
4. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയുണ്ടായി :

1. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ആവശ്യപ്പെട്ട പ്രകാരം 8-2-2006-ൽ അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോടതിയിൽ സമർപ്പിക്കുന്നതിനായി നൽകിയ വിഷയം.

പ്രസ്തുത വിഷയത്തിൽ കീഴ്വഴക്കം അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ നടപടി അംഗീകരിക്കുവാൻ സമിതി തീരുമാനിച്ചു.

2. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാറിനെതിരെ നൽകിയ അവകാശലംഘന നോട്ടീസ്.

പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തതയ്ക്കുവേണ്ടി ഒരിക്കൽകൂടി ശ്രീ. സുരേഷ്കുമാറിനോട് സമിതി മുൻപാകെ ഹാജരാകുവാൻ ആവശ്യപ്പെടാമെന്നും അദ്ദേഹത്തിൽ നിന്ന് തെളിവെടുപ്പ് നടത്തിയതിനുശേഷം പ്രസ്തുത വിഷയത്തിൻമേൽ തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

3. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പു സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാർ നൽകിയ മറുപടി.

ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പു സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ അവകാശലംഘനം അടങ്ങിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ശ്രീ. കെ. സുരേഷ്കുമാറിനോട് സമിതി ആവശ്യപ്പെട്ടിരുന്നു. അതിൻ പ്രകാരം ശ്രീ. കെ. സുരേഷ്കുമാർ നൽകിയ കത്ത് സമിതി പരിശോധിച്ചു. പ്രസ്തുത കത്തിൽ നിയമസഭാസമിതിയുടെ പ്രവർത്തനത്തേയോ, റിപ്പോർട്ടിനേയോ വിമർശിക്കുകയെന്ന ഉദ്ദേശത്തോടെയായിരുന്നില്ല തന്റെ വിശദീകരണമെന്നും, അത്തരമൊരു തോന്നൽ സമിതിക്ക് ഉണ്ടായതിൽ നിർവ്യാജം ഖേദിക്കുന്നു എന്നും ശ്രീ. കെ. സുരേഷ്കുമാർ അറിയിച്ചിരിക്കുന്നത് സമിതി പരിഗണിച്ചു. മേൽസാഹചര്യത്തിൽ ശ്രീ. കെ സുരേഷ്കുമാറിൽ നിന്നും തെളിവെടുപ്പ് നടത്തിയ ശേഷം ഈ വിഷയത്തിൻമേൽ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 2013 ജനുവരി മാസം 3-ാം തീയതി തിരുവനന്തപുരത്ത് വച്ച് കൂടുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3 മണിക്ക് പിരിഞ്ഞു.

അനുബന്ധം 12

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2013 ഏപ്രിൽ 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2013 ഏപ്രിൽ മാസം 15-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V 'A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു :

1. ശ്രീമതി പി. അയിഷാ പോറ്റി, എം. എൽ. എ.
2. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
3. ശ്രീ. സാജു പോൾ, എം. എൽ. എ.
4. ശ്രീ. തോമസ് ഉണ്ണിയാടൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥൻ :

ശ്രീ. കെ. സുരേഷ്കുമാർ, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്.

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിച്ചു.

1. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാർ നൽകിയ മറുപടി.

ബഹു. പ്രതിപക്ഷ നേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ ചെയർമാൻ ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാറിനെതിരെ നൽകിയ അവകാശലംഘന നോട്ടീസിന്മേൽ സമിതി ശ്രീ. കെ. സുരേഷ്കുമാറിൽ നിന്നും തെളിവെടുത്തു.

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ്കുമാർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ അവകാശലംഘനം അടങ്ങിയിട്ടുള്ളതിനാലാണ് ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതെന്നും അതിൻ പ്രകാരം സമിതി മുമ്പാകെ സമർപ്പിച്ച ഖേദം പ്രകടിപ്പിച്ചുകൊണ്ടുള്ള കത്ത് സമിതി പരിശോധിച്ചെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് നേരിട്ട് തെളിവെടുക്കുവാനാണ് സമിതി മുമ്പാകെ വിളിച്ചുവരുത്തിയിരിക്കുന്നതെന്നും ആമുഖമായി പറഞ്ഞുകൊണ്ട് സമിതി മുമ്പാകെ നൽകിയ ക്ഷമാപണത്തിൽ കൂടുതൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടോ എന്ന് ചെയർമാൻ ശ്രീ. കെ. സുരേഷ്കുമാറിനോട് ആരാഞ്ഞു. നിയമസഭാംഗങ്ങളോടോ കമ്മിറ്റി ചെയർമാനോടോ ഒരു തരത്തിലും ഒരു അനാദരവും താൻ നൽകിയ വിശദീകരണത്തിൽ ഉദ്ദേശിച്ചിരുന്നില്ലെന്നും ശ്രീ. വി. ഡി. സതീശൻ എം. എൽ. എ. ചെയർമാനായ പ്രത്യേക നിയമസഭാ കമ്മിറ്റിയുടെ 23-11-2011-ലെ യോഗത്തിൽ എന്ത് തെളിവാണ് കൊടുത്തത് എന്നായിരുന്നില്ല യോഗാനന്തരം പുറത്തുവന്ന തന്നോട് മാധ്യമപ്രവർത്തകർ ചോദിച്ചതെന്നും താൻ ഐ. ടി. സെക്രട്ടറിയായിരുന്ന കാലത്ത് ശ്രീ. അരുൺ കുമാറിനെ ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി നിയമിച്ചിട്ടുണ്ടോ എന്ന് ചോദിച്ച സന്ദർഭത്തിലാണ് നിയമിച്ചിട്ടില്ല എന്ന് മറുപടി പറഞ്ഞതെന്നും അതല്ലാതെ കമ്മിറ്റി നടപടികൾ താൻ വെളിപ്പെടുത്തിയിട്ടില്ലെന്നും ശ്രീ. കെ. സുരേഷ്കുമാർ മറുപടി പറഞ്ഞു.

തുടർന്ന് നടന്ന ചർച്ചയിൽ ഏത് സാഹചര്യത്തിലായാലും നിയമസഭാ സമിതിയുടെ മുമ്പാകെ പറയുന്ന കാര്യങ്ങൾ മാധ്യമപ്രവർത്തകരോട് വെളിപ്പെടുത്തുവാൻ പാടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. നമ്മൾ ഉൾപ്പെടുന്ന ഒരു വിഷയം നിയമസഭാ കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന അവസരത്തിൽ നമ്മളെക്കുറിച്ച് ഒരു ആരോപണം വന്നാൽ പോലും ആരോപണം തെറ്റാണെന്ന് ധരിപ്പിക്കേണ്ടത് കമ്മിറ്റി മുമ്പാകെയാണെന്നും കമ്മിറ്റി അതിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുന്നതുവരെ അതിനെക്കുറിച്ച് വെളിപ്പെടുത്തുവാൻ ആർക്കും അധികാരമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് 'പത്രപ്രവർത്തകരോട് പറഞ്ഞത് തെറ്റാണെന്ന് ഇപ്പോഴും കരുതുന്നില്ലേ' എന്ന സമിതിയുടെ ചോദ്യത്തിന് തന്നോട് മാധ്യമപ്രവർത്തകർ ചോദിച്ചതോ താൻ അവരോട് മറുപടി പറഞ്ഞതോ താൻ സമിതിയിൽ പറഞ്ഞ തെളിവിന്റെ വെളിപ്പെടുത്തൽ ആകില്ല എന്ന വിശ്വാസത്തിലാണ് അത്തരത്തിലുള്ള മറുപടി നൽകിയതെന്ന് ശ്രീ. കെ. സുരേഷ്കുമാർ മറുപടി പറഞ്ഞു. പത്രപ്രവർത്തകർ ചോദിക്കുമ്പോൾ സമിതിയിൽ പറഞ്ഞ ഒരു കാര്യവും പുറത്തുപറയാൻ അവകാശമില്ല എന്നായിരുന്നു പറയേണ്ടിയിരുന്നതെന്നും അതിനു പകരം 'ഇല്ല' എന്നു മറുപടി നൽകുകവഴി കമ്മിറ്റിയിൽ പറഞ്ഞ കാര്യം പുറത്തു പറയുക തന്നെയാണ് ഉണ്ടായതെന്നും സമിതി വിലയിരുത്തി. 'അസംബ്ലി കമ്മിറ്റിയുമായി റിലേറ്റഡായിട്ടല്ല മാധ്യമ പ്രവർത്തകർ തന്നോട് ചോദ്യം ചോദിച്ചത്' എന്ന സുരേഷ്കുമാറിന്റെ വാദത്തിന് അങ്ങനെയാണെങ്കിൽത്തന്നെ ഒരു സമിതിയുടെ പരിഗണനയിലുള്ള വിഷയം സംബന്ധിച്ച് പുറത്തുപറയുന്നത് ശരിയല്ല. അതിനാൽ ഞാൻ പ്രതികരിക്കുന്നില്ല എന്നായിരുന്നു മറുപടി പറയേണ്ടിയിരുന്നത് എന്ന സമിതിയുടെ വിലയിരുത്തലിന് "അങ്ങനെ പറയാമായിരുന്നു" എന്ന് ശ്രീ. കെ. സുരേഷ്കുമാർ മറുപടി നൽകി.

സ്പീക്കർ നിയമിച്ച ഒരു സമിതിയുടെ ചെയർമാന്റെ നടപടികളെ കുറ്റപ്പെടുത്തുന്നത് ഏറ്റവും വലിയ തെറ്റാണെന്നും സമിതിയോടുള്ള അവഹേളനവും സമീപനവും സഭയോടുള്ള അവഹേളനത്തിന് തുല്യമാണെന്നും സമിതി നിരീക്ഷിച്ചു. ഇതു സംബന്ധിച്ച് കൂടുതലായി എന്തെങ്കിലും പറയാനുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ശ്രീ. കെ. സുരേഷ്കുമാർ ഇപ്രകാരം മറുപടി പറഞ്ഞു. "എന്നോട് പത്രക്കാർ ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറയുന്ന നിമിഷവും അതിനുശേഷം ഇവിടെ വിശദീകരണം നൽകിയപ്പോഴും നിയമസഭാ സമിതിയുടെ മുന്നിൽ കൊടുത്ത തെളിവ് റിവീൽ ചെയ്യലാണെന്ന വിശ്വാസത്തിലല്ല അത് ചെയ്തത്. ഇയാളെ നിയമിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന്, അന്നും ഇന്നും നാളെയും ഒറ്റ ഉത്തരമേയുള്ളൂ. നിയമസഭാ സമിതിയുടെ മുമ്പിൽ എന്താണ് പറഞ്ഞതെന്ന് എന്നോട് ചോദിച്ചതുമില്ല. അത് ഞാൻ റിവീൽ ചെയ്യരുതായിരുന്നു എന്നുള്ളൊരു റീഡിംഗുണ്ടെങ്കിൽ തീർച്ചയായിട്ടും അക്കാര്യത്തിൽ എനിക്ക് ഖേദമുണ്ട്".

മേൽപ്പറഞ്ഞ മറുപടിയിലും നിർവ്യാജമായ ഒരു ഖേദപ്രകടനമോ ക്ഷമാപണമോ ശ്രീ. കെ. സുരേഷ് കുമാറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നും ശ്രീ. വി. ഡി. സതീശൻ ചെയർമാനായ സമിതിയെക്കുറിച്ച് അദ്ദേഹം നൽകിയിട്ടുള്ള മറുപടിയിലാണ് ഖേദം പ്രകടിപ്പിച്ചിട്ടുള്ളതെന്നും പ്രിവിലേജസ്, എഥിക്സ് കമ്മിറ്റിയിലേക്ക് ഈ വിഷയം റഫർ ചെയ്യാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് ഇപ്പോഴും ശ്രീ. കെ. സുരേഷ്കുമാർ ഖേദപ്രകടനം നടത്തിയിട്ടില്ലെന്നും സമിതി വിലയിരുത്തി. അതിനുശേഷം മാധ്യമങ്ങളെ കണ്ടനാൾ മുതൽ ഇന്നുവരെയുള്ള നടപടികളിൽ മൊത്തത്തിൽ ഖേദപ്രകടനം നടത്തുന്നുണ്ടോ എന്ന് ശ്രീ. കെ. സുരേഷ്കുമാറിനോട് സമിതി ആരാഞ്ഞു. പ്രസ്തുത ചോദ്യത്തിന് 'ഖേദം പ്രകടിപ്പിക്കുന്നു' എന്ന് ശ്രീ. കെ. സുരേഷ്കുമാർ മറുപടി പറഞ്ഞു. ഈ വിഷയത്തിൽ സമിതി മുമ്പാകെ നേരിൽ വന്ന് ഖേദം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ്കുമാറിനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

2. <u>ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസ്.</u>

ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുമുമ്പായി പ്രസ്തുത വിഷയം സംബന്ധിച്ച സി.ഡി. സമിതി ചെയർമാനും അംഗങ്ങളും വീക്ഷിക്കുകയും അതിനുശേഷം ചർച്ച ആരംഭിക്കുകയും ചെയ്തു.

ശ്രീ. പി. സി. ജോർജിന്റേത് തികച്ചും സ്വകാര്യ സംഭാഷണം മാത്രമാണെന്നും അത്തരത്തിൽ സംസാരിക്കേണ്ടിവന്നതിലേക്ക് അദ്ദേഹത്തെ നയിച്ച ചില കാര്യങ്ങൾ ഉണ്ടെന്നും സമിതി വിലയിരുത്തി. എന്നിരുന്നാലും സ്വകാര്യ സംഭാഷണത്തിലാണെങ്കിൽ പോലും ഒരു ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്ന വ്യക്തി എന്ന നിലയിൽ ഒരിക്കലും ഇത്തരം പദപ്രയോഗങ്ങൾ നടത്തുവാൻ പാടില്ലായിരുന്നുവെന്നും ഇത്തരത്തിലുള്ള

സ്ഥാനത്തിരിക്കുന്ന സഭാംഗങ്ങൾ സഭയുടെ അന്തസ്സ് ഉയർത്തിക്കാട്ടുന്ന രീതിയിൽ പെരുമാറണമെന്ന് സമിതിയുടെ ശക്തമായ അഭിപ്രായമായിത്തന്നെ പറയണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ സ്വകാര്യസംഭാഷണങ്ങൾ വാർത്തയാക്കുന്നത് ശരിയല്ലെന്നും സമിതി നിരീക്ഷിച്ചു.

തുടർന്ന് ഈ വിഷയത്തിൽ ആരോപണവിധേയനായ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിന്റെ ഭാഗം കേൾക്കേണ്ടതുണ്ടെന്നും അതിനുവേണ്ടി 2013 മെയ് 8-ാം തീയതി 11 മണിക്ക് ചേരുന്ന യോഗത്തിൽ ശ്രീ. പി. സി. ജോർജിനോട് സമിതി മുമ്പാകെ ഹാജരാകണമെന്ന് അറിയിക്കാനും സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 1.20-ന് പിരിഞ്ഞു.